കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെഎസ്എ പികെഡി 14-1898/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്,
തീയതി. 08.11.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പുതുശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുതുശ്ശേരി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നമ്പർ കെഎസ്എ പികെഡി 14-1898/2017 തിയ്യതി: 08.11.2017.

**<u>പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.16 മുതൽ 14.9.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ് കുമാർ.പി.എം. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.9.17 മുതൽ 23.9.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുസ്മിത.കെ.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.സരിത | സീനിയർ ഗ്രേഡ് |

| | | |
|---|---|---|
| | | ഓഡിറ്റർ |
| | ശ്രീമതി.ബീന.എം.വി | ഓഡിറ്റർ |
| | ശ്രീമതി.കാർത്തിക | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ .ഉണ്ണികൃഷ്ണൻ | 1.04.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ .ഭാസ്കരൻ | 1.4.16 മുതൽ 11.7.16 വരെ |
| | ശ്രീ.രാജ്കുമാർ.എസ് | 12.7.16 മുതൽ 28.7.16 വരെ |
| | ശ്രീ.ബാലചന്ദ്രൻ.എം. | 29.7.16 മുതൽ 31.3.17 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. എ.കെ.സുധാകരൻ | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ: ശിവകുമാർ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ: ചന്ദ്രിക | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ: ഉമ.സി.വി | 1.4.16മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ: ദിവ്യ | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സലീന | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.സി.സജീവൻ | 1.4.16 മുതൽ22.3.17 വരെ |
| | ശ്രീമതി.സ്മിത | 22.3.17 മുതൽ 31.3.17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.എൽസമ്മ.കെ.എം | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ (I) | ശ്രീമതി.ജെസന | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ (II) | ശ്രീ.മൂർത്തി.എ. | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശിവകുമാർ | 1.4.16 മുതൽ 31.12.16 വരെ |

| | | |
|---|---|---|
| | ശ്രീമതി.നിസ്സി ജോൺ | 1.1.17 മുതൽ 8.1.17 വരെ |
| | ശ്രീ.രാജ് കുമാർ.എസ് | 9.1.17 മുതൽ 31.3.17 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബജറ്റ് 27-2-2016 തിയതിയിലെ തീരുമാനം 1(2) പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ₹ 239433000 (മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് ₹ 338074840) ചെലവ് ₹256405000 നീക്കിയിരിപ്പ് 81669840/- രൂപയാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-17 | 20-7-17 | --- | ---- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2016-17 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 47825475

വരവ് - 159676345

ആകെ -207501820

ചെലവ് - 123192859

നീക്കിയിരിപ്പ്- 84308961

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 30702761 | 30702761 | 22064639 | 8638122 | 72 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9880704 | 9880704 | 6642473 | 3238231 | 67 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2246727 | 2246727 | 2176730 | 69997 | 97 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9970146 | 9970146 | 6040346 | 3929800 | 61 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5740488 | 5740488 | 3424817 | 2315671 | 6 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16181306 | 16181306 | 14174092 | 2007214 | 88 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 6586066 | 6586066 | 3507871 | 3078195 | 53 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 250 | 191369290 | 149 | 78425598 | 101 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 60% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 41% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 6132924 | 5711120 | 93 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 3729500 | 412000 | 11 |
| മെഡിക്കൽ ഓഫീസർ-CHC | 3 | 3 | 628720 | 428351 | 68 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 340000 | 340000 | 100 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 600000 | 600000 | 100 |
| വി.ഇ.ഒ - | 14 | 14 | 28186004 | 16560000 | 59 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 8867743 | 7851592 | 89 |
| സെക്രട്ടറി | 23 | 17 | 16689409 | 9289419 | 56 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 170 | 81 | 113012434 | 31219064 | 28 |
| എച്ച്.എം | 5 | 5 | 1598837 | 1453329 | 91 |
| അസി.സെക്രട്ടറി | 14 | 11 | 11583719 | 4560723 | 39 |
| ആകെ | 256 | 146 | 193514900 | 72802350 | 38 |

അംഗീകാരം ലഭിച്ച 170 പദ്ധതികളിൽ 81 എണ്ണം മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയത്. അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി

നടപ്പിലാക്കുവാനും ലഭ്യമായ പദ്ധതിഫണ്ട് പൂർണ്ണമായും വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 25 | 6 | 19 |
| 2 | വാർദ്ധക്യകാല പെൻഷൻ | 730 | 677 | 53 |
| 3 | വികലാംഗ പെൻഷൻ | 47 | 44 | 3 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 10 | 3 |
| 5 | വിധവാ പെൻഷൻ | 213 | 187 | 26 |

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ നിയമാനുസൃതസമയപരിധിയായ 60 ദിവസത്തിലധികം കാലതാമസം ഉണ്ടാകുന്നുണ്ട്.വാർദ്ധക്യകാല പെൻഷൻ

തീരുമാനമെടുക്കുന്നതിന് 5-6 മാസം വേണ്ടിവന്നിട്ടുണ്ട്. . സമയപരിധിക്കകം അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-9-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30623 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-9-2017 | 8/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.2.2016 to 11.3.2016 | 2010-11- 2014-15 | 2.5.2016 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി നിർണ്ണയം- പ്രധാന നിരീക്ഷണങ്ങൾ

1. വസ്തു നികുതി ഡിമാന്റ്,അരിയർ ഡിമാന്റ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യപത്രിക

| കളക്ഷൻ | | ബാലൻസ് | |
|---|---|---|---|

| | | | |
|---|---|---|---|
| കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം |
| 10313275 | 5003701 | 16019836 | 12448138 |

സഞ്ചയ പ്രകാരമുള്ള കണക്കുകൾ

| കളക്ഷൻ | | ബാലൻസ് | |
|---|---|---|---|
| കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം |
| 10828938 | 9670479 | 15502377 | 13070246 |

വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ഡിമാന്റ്,കളക്ഷൻ ,ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല

പഞ്ചായത്തിന്റെ സഞ്ചയ ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട ഉടമകളിൽ നിന്നും വൻതുക കുടിശ്ശിക ഈടാക്കേണ്ടതുണ്ടെന്ന് കാണുന്നു. പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല. 16ാം വാർഡിൽ ഉൾപ്പെട്ട 1280 കെട്ടിടങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് പരിശോധിച്ചതിൽ കുടിശ്ശിക നില നിൽക്കുന്ന ഏതാനും വ്യവസായശാലകളുടെ വിവരം താഴെ ചേർക്കുന്നു .

| സ്ഥാപനം | കുടിശ്ശിക | റിമാർക്സ് |
|---|---|---|
| മാനേജർ, NIDA | 281339 | സ്ഥാപനത്തിന്റെ കെട്ടിട നം 890 മുതൽ 900 വരെയുള്ള കെട്ടിടങ്ങൾ |
| മാനേജർ,പ്രീമിയർ ഇൻഡസ്ട്രീസ് | 768048 | സ്ഥാപനത്തിന്റെ കെട്ടിട നം 1000 മുതൽ 1008 വരെയുള്ള കെട്ടിടങ്ങൾ |
| മാനേജർ, ജി.എം ഇൻഡസ്ട്രീസ് | 898833 | സ്ഥാപനത്തിന്റെ കെട്ടിട നം 1009 മുതൽ 1041 വരെയുള്ള കെട്ടിടങ്ങൾ |

3. വി.വി കോളേജ് , കഞ്ചിക്കോട് ന്റെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾക്ക് നടപടികൾ സ്വീകരിച്ചിട്ടില്ല

വി.വി കോളേജ് , കഞ്ചിക്കോട് ന്റെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 5/243,5/244 എന്നിങ്ങനെ രണ്ട് കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 2016-17 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം വിവി കോളേജ് , കഞ്ചിക്കോട് ഓഡിറ്റ് വർഷം വസ്തുനികുതി അടവാക്കിയിട്ടില്ല. മാത്രമല്ല രണ്ട് കെട്ടിടങ്ങൾക്കുമായി 14780 രൂപ കുടിശ്ശികയുമുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടും കുടിശ്ശിക ഈടാക്കുന്നതിനോ സ്ഥാപനത്തിന്റെ എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ച് ഈടാക്കുവാനോ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ശ്രമിച്ചിട്ടില്ല.

4. സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമല്ല, തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുമുണ്ട്.

എല്ലാ വാർഡുകളിലെയും സഞ്ചയ അസസ് മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓരോ കെട്ടിടത്തിന്റെയും നികുതി നിർണ്ണയത്തിനായുള്ള എല്ലാ വിശദാംശങ്ങളും ചേർത്തിട്ടില്ല. കൂടാതെ നികുതി നിർണ്ണയം നടത്തിയതിൽ പല അപാകതകളും കടന്നു കൂടിയിട്ടുണ്ട്. ഇവ ഏതെങ്കിലും തരത്തിലുള്ള പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയത്തിൽ വ്യത്യസമുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം | നികുതി നിർണ്ണയത്തിന് ഉപയോഗിച്ചിരിക്കുന്ന ഉപയോഗ ക്രമം | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | യഥാർത്ഥത്തിൽ ഉപയോഗക്രമം |
|---|---|---|---|
| 11/690 | പാർപ്പിടാവശ്യം | 62.1 ച.മീ | വാണിജ്യാ വശ്യത്തിനായി 100 ച.മീ. വരെ |
| 3/68 | വാണിജ്യാ വശ്യത്തിനായി 100 ച.മീ. വരെ | 136 ച.മീ | വാണിജ്യാ വശ്യത്തിനായി 100 ച.മീ. ന് മുകളിൽ |
| 13/1332 (എം.ഡി കിൻഫ്രാ ലിമിറ്റഡ് | വാണിജ്യാ വശ്യത്തിനായി 100 ച.മീ. വരെ | 95.75 ച.മീ | വ്യവസായാ വശ്യത്തിന് |
| 14/268 | വാണിജ്യാ വശ്യത്തിനായി 100 ച.മീ. ന് മുകളിൽ | 12.11 ച.മീ | വാണിജ്യാ വശ്യത്തിനായി 100 ച.മീ. വരെ |

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ, 100 ച.മീ ൽ കൂടുതൽ, വ്യവസായാവശ്യം,പാർപ്പിടാവശ്യം എന്നിവയ്ക്ക് പ്രത്യേകം നികുതി നിരക്കുകളായതിനാൽ ഇത്തരത്തിൽ തെറ്റായുള്ള നികുതി നിർണ്ണയം ഈ ഇനത്തിലുള്ള വരവിന്റെ കണക്കുകളെ സാരമായി ബാധിക്കും. ആയതിനാൽ നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ള വ്യത്യാസങ്ങൾ/ അപാകതകൾ പുന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പരിഹരിക്കേണ്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ ആയതു പ്രകാരമുള്ള ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്.

5. ഡി & ഒ ലൈസൻസ് ഫീസ് രജിസ്റ്റർ, സഞ്ചയ അസസ്മെന്റ് രജിസ്റ്റർ ഇവ ഒത്തു നോക്കിയതിൽ നിന്നും സഞ്ചയയിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന പല കെട്ടിടങ്ങളുടെ ഉടമകളും ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല എന്നു കാണുന്നു. കൃത്യത പരിശോധിക്കേണ്ടതാണ്.

6.നികുതി, ഉപനികുതി ഇവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 129 കെട്ടിടങ്ങളെ നികുതി ഒഴിവാക്കിയവയുടെ വിഭാഗത്തിൽ പെടുത്തിയിട്ടുണ്ട്. Ex-service men Property tax exemption register പ്രകാരം 17 പേരുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമായത്. കൃത്യത പരിശോധിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന് അർഹമായ മുഴുവൻ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

# 2-2 ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11(3) പട്ടിക രണ്ട് പ്രകാരം കാറ്റഗറി -2 പഞ്ചായത്തുകൾക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് അഞ്ച് രൂപ നിരക്കിൽ ആണ് പെർമിറ്റ് ഫീസ് വാങ്ങേണ്ടത്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ചില കെട്ടിടങ്ങൾക്ക് നിയമപ്രകാരമുള്ള നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ഉടമയുടെ പേര് | ആകെ തറവിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയത് | കുറവ് | ഫീസ് അടവാക്കിയതിന്റെ വിവരം |
|---|---|---|---|---|---|
| N A M Ishaq moulavi,K NM District Committee | 246.93 m 2 | 1235 | 741 | 494 | രസീതി നമ്പർ 11607101092/6.5.16 |
| Mahalingam, Surabhi Nagar, Kurudikkad | 1269.20 m 2 | 6346 | 3933 | 2413 | രസീതി നമ്പർ 11607103809/26.8.2016 |
| ആകെ | | | | 2907 | |

കുറവായി ഈടാക്കിയ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ വർഷം തിരിച്ച് വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ തൻവർഷത്തെ പെർമിറ്റ് ഫീസ് ഇനത്തിലുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി ഒത്തു നോക്കാൻ കഴിഞ്ഞിട്ടില്ല.

# 2-3 ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A)താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 'ഡി & ഒ' ലൈസൻസ് ഫീസ് , ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ഫീസിൽ കുറഞ്ഞ ഫീസാണ് ഈടാക്കിയിട്ടുള്ളത്.

| ലൈസൻസ് നം. | സ്ഥാപനം | അപേക്ഷ പ്രകാരം ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ഫീസ് | ഈടാക്കാവുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|
| 62/16-17 | സപ്ലൈകോ പീപ്പിൾസ് ബസാർ | 150000 | 2000<br>രസീതി നമ്പർ 11507107074/24.2.16 | 4000 | 2000 |

സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുമ്പോൾ പ്രതിദിന വിറ്റുവരവിന് ആനുപാതികമായി ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

B) താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ തന്നെ ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ഡി&ഒ ലൈസൻസ് ക്രമ നം. | സ്ഥാപനം/ ഉടമസ്ഥൻ | ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം |
|---|---|---|
| 26/16-17 | Zodiacഇൻഡസ്ട്രീസ്<br>അനീഷ് മുഹമ്മദ് | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രത്തിന്റെ കാലാവധി 30-06-2015 ൽ അവസാനിച്ചു. |
| 42/16-17 | അമൃത് ഡിസ്റ്റലറീസ്<br>നീലകണ്ഠ റാവു | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം |
| 49/16-17 | പ്യാരിലാൽ ഫോംസ് പ്രൈവറ്റ് ലിമിറ്റഡ്<br>ലളിത് കുമാർ ഗോയൽ | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രം |
| 172/16-17 | പ്രൈം പ്ലസ് പോളിമേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്<br>ശരത് കൃഷ്ണൻ | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രത്തിന്റെ കാലാവധി 30-06-2015 ൽ അവസാനിച്ചു. |
| 195/16-17 | ക്രസന്റ് സിമന്റ്സ്<br>അഹമ്മദ് കബീർ.കെ | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രത്തിന്റെ കാലാവധി 30-06-2015 ൽ അവസാനിച്ചു. |
| 244/16-17 | M/s 53 ക്വാറി<br>എം.ഐ.ആന്റണി | മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപത്രത്തിന്റെ കാലാവധി 30-05-2016 ൽ അവസാനിച്ചു. |

| | | |
|---|---|---|
| | | മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതിപത്രം- കാലാവധി 30-06-2016 ൽ അവസാനിച്ചു.<br>സംസ്ഥാന പരിസ്ഥിതി ആഘാത പഠന സമിതിയുടെ അനുമതി. |
| 115/16-17 | Lotte ഇന്ത്യ കോർപ്പറേഷൻ ലിമിറ്റഡ്<br>I.G.കാർത്തികേയൻ | സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം. 8/22-09-17).

# 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

പഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ 25 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്.മൊബൈൽ ടവറുകൾക്ക് താഴെ പറയും പ്രകാരം ആകെ 1238414 വസ്തു നികുതി കുടിശ്ശിക ഉണ്ട്. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | 2016-17വരെ ആകെ ഈടാക്കേണ്ട വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|---|---|
| 1 | 1/99 | ഡിഷ്നെറ്റ് വയർ ലെസ്സ് ലിമിറ്റഡ് | 2013-14 | 9240 | 2013-14 മുതൽ |
| 2 | 2/968 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, വൈറ്റില | 2015-16 | 15472 | 2015-16 |
| 3 | 6/365 | വന സംരക്ഷണ | 2013-14 | 18900 | 2013-14 |

| | | | | | |
|---|---|---|---|---|---|
| | | സമിതി | | | |
| 4 | 6/490 | മുനിയപ്പൻ കോവിൽ | 2013-14 | 41580 | 2013-14 |
| 5 | 6/527 | ശിവസാമി | 2013-14 | 14700 | 2013-14 |
| 6 | 6/647 | സെക്രട്ടറി | 2013-14 | 12600 | 2013-14 |
| 7 | 7/690 | ടവർ, ബംഗ്ലാകുളം, വാളയാർ | 2013-14 | 18900 | 2013-14 |
| 8 | 9/8 | വോഡഫോൺ | 2013-14 | 13440 | 2013-14 |
| 9 | 9/559 | ടാറ്റ | 2013-14 | 42000 | 2013-14 |
| 10 | 9/563 | വോഡഫോൺ | 2013-14 | 42000 | 2013-14 |
| 11 | 10/48 | ഷാഹുൽ ഹമീദ് | 2013-14 | 26880 | 2013-14 |
| 12 | 10/65 | ശെൽവൻ | 2013-14 | 26880 | 2013-14 |
| 13 | 10/435 | ക്രിസ്ത്യൻ പള്ളി | 2013-14 | 52920 | 2013-14 |
| 14 | 10/447 | ക്രിസ്ത്യൻ പള്ളി | 2013-14 | 134400 | 2013-14 |
| 15 | 10/503 | മാരിയമ്മൻ കോവിൽ | 2013-14 | 15120 | 2013-14 |
| 16 | 10/542 | കോവിൽ പുര | 2013-14 | 25200 | 2013-14 |
| 17 | 11/607 | നാരായണൻ കുട്ടി | 2013-14 | 18900 | 2013-14 |
| 18 | 12/56 | ശെൽവരാജ് | 2013-14 | 8400 | 2013-14 |
| 19 | 12/102 | ടി.അങ്കമ്മാൾ | 2013-14 | 9452 | 2013-14 |
| 20 | 12/454 | എം.എസ്.റിലയൻസ് ടവർ | 2013-14 | 34020 | 2013-14 |
| 21 | 18/68 | മുഹമ്മദ് അലി | 2013-14 | 565010 | 2013-14 |
| 22 | 21/439 | വി.കൃഷ്ണൻ | 2013-14 | 46200 | 2013-14 |
| 23 | 21/483 | വി.കൃഷ്ണൻ | 2013-14 | 46200 | 2013-14 |
| ആകെ ഈടാക്കേണ്ട നികുതി | | | | 1238414 | |

# 2-5 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

എ) . 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ

ബാധ്യസ്ഥനാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)പഞ്ചായത്തിന്റെ വിവിധ കരാർ പ്രവൃത്തികൾ ചെയ്തുവരുന്ന അംഗീകൃത കരാറുകാരിൽ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2) പെപ്സികോ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ്.2005-2006 മുതലുള്ള തൊഴിൽ നികുതികുടിശ്ശിക അടവാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ളാർക്ക് അഭിലാഷ് . പി.എം 21.06.17 ന് ഓഫീസിൽ നിന്നും വിടുതൽ ആയിട്ടുണ്ട് .     ടിയാന്റെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

4) .തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കിയ അർദ്ധവർഷം | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | പി.ടി.എ സ്റ്റീൽസ് ആന്റ് സിമെന്റ് ഹാർഡ് വെയർ | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം |
| 2 | ഈശ്വരി ഇലക്ട്രിക്കൽസ് | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം |
| 3 | സ്റ്റാർടെക്ക് ലോജിസ്റ്റിക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം |
| 4 | മെഡ് ലിങ്ക് എന്റർപ്രൈസസ് | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം |
| 5 | ജീ. ബീ. കെം ,കഞ്ചിക്കോട് | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം |
| 6 | റിമോൺ കോസ്മെറ്റിക്സ് ഡിറ്റർജെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
| 7 | ഇന്നോടെക്ക് | രണ്ടാം | ഒന്നാം |

| | | | |
|---|---|---|---|
| | ഇൻഡസ്ട്രീസ്. | അർദ്ധവർഷം | അർദ്ധവർഷം |
| 8 | ബി.എസ്.എൻ.എൽ | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
| 9 | ഇൻഡ്യൻ പ്രോഡക്ക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
| 10 | ബി.പി.എൽ മെഡിക്കൽ ടെക്ക്നോളജീസ്. | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | അരിഹാം ഇൻഡസ്ട്രീസ് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 12 | രാജീവി ഗാന്ധി സ്മാരക പട്ടികജാതി സർവീസ് കോ ഓപ്പ്റേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം |
| 13 | ജി.ജെ മൾട്ടിക്ളേവ് പ്രൈവറ്റ് ലിമിറ്റഡ് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | സഹ്യ പ്ളാസ്റ്റ് കഞ്ചിക്കോട് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | ന്യൂജെൻ ബാറ്ററീസ് കഞ്ചിക്കോട് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 16 | ഗുഡ്ബോയ് സോപ്പ്സ് ആന്റ് കോസ്മെറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് കഞ്ചിക്കോട് | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | കല്യാൺജ്വല്ലറി മിനിസ്റ്റോർ | രണ്ടാം അർദ്ധവർഷം. | ഒന്നാം അർദ്ധവർഷം |
| 18 | 3H പബ്ളിക്ക് സ്കൂൾ അലമാരം . | - | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 19 | ശിവജ്യോതി ഇംഗ്ളീഷ് മീഡിയം സ്കൂൾ | - | ഒന്നും രണ്ടും അർദ്ധവർഷങ്ള് |
| 20 | ബ്.എസ്.എൻ.എൽ | രണ്ടാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
| 21 | എസ്.എസ്.എെ.ബ്രാഞ്ച്, കഞ്ചിക്കോട് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |

5) . താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| ബി.എസ്.എൻഎൽ . പാലക്കാട് | ഒന്നാം അർദ്ധ വർഷം |
| കഞ്ചിക്കോട് മിൽക്ക് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം |
| ചന്ദ്രപുരം മിൽക്ക് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം |
| പുതുശ്ശേരി മിൽക്ക് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം |
| റാലിസൺ മാർക്കറ്റിംഗ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം |
| ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസേഴ്സ് ,കഞ്ചിക്കോട്. | ഒന്നാം അർദ്ധ വർഷം |
| എഫ്ഫാർ ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| എൻ.എസ്.എസ്.ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധ വർഷം |
| ആർ.ബി.ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധ വർഷ |
| ഗോമാത ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| കെ.പി.എം കല്യാണമണ്ഡപം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| റബ്ഫില ഇന്റർനാഷണൽ | ഒന്നാം അർദ്ധവർഷം |
| ലാഭം സൂപ്പർമാർക്കറ്റ് കഞ്ചിക്കോട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മാവേലിസ്റ്റോർ കഞ്ചിക്കോട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| I.C.I.CI.പ്രൂഡൻഷ്യൽ കോ ഓപ്പ്റേറ്റീവ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | |
|---|---|
| കോർപ്പറേഷൻ ബാങ്ക് കഞ്ചിക്കോട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| എസ്.ബി.എെ.കഞ്ചിക്കോട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ബി.പി.എൽ . മെഡിക്കൽ ടെക്ക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |

6) താഴെപ്പറയുന്ന ദിവസവേതനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. ഈ ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം കൈപ്പറ്റുന്നവരാണ്.

| പേര് / തസ്തിക | ഒന്നാം അർദ്ധവർഷം | | രണ്ടാം അർദ്ധവർഷം | |
|---|---|---|---|---|
| | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
| ഗോപാൽ / പ്ളാന്റ് ഓപ്പറേറ്റർ | 52550 | 450 | - | - |
| രജിത.ആർ / അക്കൗണ്ടന്റ് | 57400 | 450 | 86400 | 750 |
| സുബ്രഹ്മണ്യൻ /ക്രിമറ്റോറിയം സ്റ്റാഫ് | 55200 | 450 | 54300 | 450 |
| ഷാജി / ക്രിമറ്റോറിയം സ്റ്റാഫ് | 55200 | 450 | 54300 | 450 |
| രമേഷ് / ക്രിമറ്റോറിയം സ്റ്റാഫ് | 55200 | 450 | 54300 | 450 |
| പ്രസന്ന / ആയ | 22100 | 180 | 32100 | 300 |
| അജീഷ്.കെ / ലൈബ്രേറിയൻ | 49490 | 450 | 22875 | 180 |
| സുബ്രഹ്മണ്യൻ | 11900 | 120 | 15300 | 120 |

| | | | | |
|---|---|---|---|---|
| / നൈറ്റ് വാച്ച്മാൻ | | | | |
| പവിത്ര / ഡാറ്റ എൻട്രി ഓപ്പറേറ്റർ | 15480 | 120 | 34230 | 300 |
| സ്നേഹ ലൂയി / ഡാറ്റ എൻട്രി ഓപ്പറേറ്റർ | 26040 | 180 | 38880 | 300 |
| കിഷോർ / ഡ്രൈവർ | 48750 | 450 | 50050 | 450 |

മേൽ സൂചിപ്പിച്ച ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിടം നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 13/747-750 | M/s A.P സ്റ്റീൽ റീറോളിംഗ് മിൽ Ltd. | 52 |
| 2 | 9/721-728 | ഇന്ത്യൻ പ്രോഡക്ട്സ് Pvt. Ltd. | 45 |
| 3 | 16/890-900,911 | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് | 91 |
| 4 | 11/420 | ഭാരത് ഇൻഡസ്ട്രീസ് | 18 |
| 5 | 16/856 | സ്കിൽ ടെക് ഇൻഡസ്ട്രീസ് | 8 |
| | | | |

| | | | |
|---|---|---|---|
| 6 | 9/55,56 | CNA TEX പ്രോസ്സസ്സേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 48 |
| 7 | 16/910 | Bee Path കാസ്റ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് | 55 |
| 8 | 16/909 | Bee Path കാസ്റ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് | 40 |
| 9 | 13/649-652 | M/s ഗ്ലോബൽ സ്പൈസസ് പ്രൈവറ്റ് ലിമിറ്റഡ് | 12 |
| 10 | 15/664 | ആർത ഹെർബ്സ് എക്സ്ട്രാക്ട്സ് & ഡെറിവേറ്റീവ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 8 |
| 11 | 17/898-901 | KOSO ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് യൂണിറ്റ്-1 | 45 |
| 12 | 17/902-904 | KOSO ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് യൂണിറ്റ്-1 | 50 |
| 13 | 10/675 | ഇന്നോടെക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | 10 |
| 14 | 13/739 | പെന്റാപ്ലസ് | 8 |

| | | | |
|---|---|---|---|
| | | റബ്ബർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | |
| 15 | 17/521,522 | പാരഗൺ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് യൂണിറ്റ്- II | 26 |
| 16 | 18/725 -731 | പാരഗൺ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് യൂണിറ്റ്- II | 16 |
| 17 | 18/732-734 | S.M.M സ്റ്റീൽ റീ റോളിംഗ് മിൽസ് പ്രൈവറ്റ് ലിമിറ്റഡ് | 15 |
| 18 | 13/753 | വഞ്ചിനാഡ് ഫോറിൻസ് പ്രൈവറ്റ് ലിമിറ്റഡ് | 34 |
| 19 | 16/1103-1108 | Active Char പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 25 |
| 20 | 13/179 | M/s എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് | 10 |
| 21 | 20/298 | പൂജ എന്റർപ്രൈസസ് | 9 |
| 22 | 10/815 | M/s ശിവശക്തി എഞ്ചിനിയറിംഗ് | 108 |

| | | | |
|---|---|---|---|
| | | & ഫാബ്രിക്കേറ്റേഴ്സ് | |
| 23 | 2/17,20,21 | IMAGE | 10 |
| 24 | 2/13,14,15,16,19 | IMAGE | 15 |
| 25 | 13/635 | കൈരളി എക്സ്പോർട്സ് | 10 |
| 26 | 17/889 | കാന്റീൻ,SEPR റിഫ്രാക്ടറീസ് | 45 |
| 27 | 10/236 | M/s കാപ്ഷെയർ ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ് | 50 |
| 28 | 10/91,92 | റൈസ്ബൗൾ റസ്റ്റോറന്റ് | 10 |
| 29 | 2/120 | S.K.S എഞ്ചിനിയറിംഗ് | 12 |
| 30 | 20/40 | സാൻസ് ഫുഡ്സ് | 20 |
| 31 | 17/211 | സിൽവർലൈൻ മിനറൽസ് പ്രൈവറ്റ് ലിമിറ്റഡ് | 14 |
| 32 | 13/676 | WE ONE ടൈൽ | 12 |
| 33 | 13/731,732 | M.A സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 22 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ , തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി, ഈയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്(എൻക്വയറി നം. 8/22-09-17).

## 2-6 വാടക - അപാകതകൾ

സാംസ്കാരിക നിലയം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിൽ 4 മുറികൾ ഉണ്ട്. 2015-16 ൽ ഈടാക്കിയ വാടകതുകകൾ വാർഷികവർദ്ധനവ് വരുത്താതെ 2016-17 ലും 15-16 ലെ വാടകക്കാർക്ക് തന്നെ ഒരു വർഷത്തേക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി വാടകക്കാർ മുറികൾ അനുവദിച്ചു നൽകുന്നതിനായി 2016-17 ൽ അപേക്ഷകൾ നൽകുകയോ വാടകക്കരാർ ചമക്കുകയോ ചെയ്തിട്ടില്ല. ഇതിൽ 19/489 മുറിയുടെ വാടക 13650 രൂപ ഈടാക്കിയിട്ടില്ല. (ജൂൺ മുതൽ മാർച്ച് വരെയുള്ളത് 1365 രൂപ നിരക്കിൽ ). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12 , തീയതി 22.09.17 ) മറുപടി ലഭ്യമായില്ല. ടി തുക പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടമുറികൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് 2005 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിഷ്കർഷിക്കുന്ന പ്രകാരം ബൈലോ രൂപീകരിക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾക്കനുസരണമായി മുറികൾ വാടകക്ക് അനുവദിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകളുടെ അഭാവത്തിൽ 280000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്-യുവാക്കൾക്ക് (എസ്.സി) ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം(306/16)

നിർവ്വഹണം - അസി.സെക്രട്ടറി

ചെലവ് - 280000/- ട്രഷറി ബിൽ നം .16/29.3.2017(വികസന ഫണ്ട് എസ്‌സിപി)

പട്ടിക വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ടൂ വീലർ വാങ്ങുന്നതിന് ധനസഹായം ഒരാൾക്ക് 20000/- രൂപ പ്രകാരം 14 പേർക്ക് അനുവദിച്ചിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം. 4/2016/ തസ്വഭവ തിയതി 11.01.2016 പ്രകാരം ഇരുചക്ര വാഹനങ്ങൾക്ക് (മോട്ടോർ സൈക്കിൾ/

സ്കൂട്ടർ) ധനസഹായം നൽകുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ താഴെ പറയുന്നു.

1. ഗുണഭോക്താവ് തൊഴിൽരഹിതരോ ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം.

2. നിലവിൽ ദ്വിചക്ര-നാലുചക്ര വാഹനങ്ങൾ സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.

3. ഒരു കുടുംബത്തിന് ഒരു തവണ മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.

4. അർഹമായ സബ്സിഡി ഇരുചക്ര വാഹനത്തിന്റെ വിലയുടെ 33 1/3% മാത്രമാണ്. ഇത് പരമാവധി 20,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഗുണഭോക്താക്കൾ തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അല്ലെങ്കിൽ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവാരോ ആണ് എന്നതിനുള്ള രേഖകൾ, ഇരുചക്രവാഹനം ഉപയോഗിച്ച് ചെയ്യുന്ന തൊഴിൽ / ചെയ്യാൻ ഉദ്ദശിക്കുന്ന തൊഴിൽ, പഞ്ചായത്തുമായുള്ള ഉടമ്പടി, ഗുണഭോക്താക്കളുടെ അപേക്ഷകൾ, വാഹനത്തിന്റെ രജിസ്ട്രേഷൻ, എന്നീരേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2. രഞ്ജിത്ത്.ആർ, മണികണ്ഠൻ.വി,അനിഷ്, വേലുചാമി, എന്നീ 4 ഗുണഭോക്താക്കളും വരുമാന സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. 14 ഗുണഭോക്താക്കളിൽ ശരവണൻ, സുരേഷ്.എം,ഉണ്ണികൃഷ്ണൻ, സന്ദീപ്.എം എന്നീ നാല് പേരുടെ ഒഴികെയുള്ളവർ ഇരുചക്രവാഹനം വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഇല്ല.

4 ഇരുചക്രവാഹനം വാങ്ങിയിരിക്കുന്ന ഗ്രാന്റ് മോട്ടോഴ്സ്, കൽമണ്ഡപം എന്ന സ്ഥാപനത്തിന്റെ ബിൽ/ഇൻവോയ്സ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

മേൽ പറഞ്ഞ കാരണങ്ങളാൽ 280000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് നിശ്ചിത സമയ പരിധിക്കകം ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

വ്യക്തമായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 280000/- യുടെ ചെലവ് നിരാകരിക്കുന്നതായിരിക്കും

# 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം 361309/-രൂപ ചെലവ് തടസ്സം

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് - ടോപ്പ് വിതരണം (191/17)

നിർവ്വഹണം - അസി.സെക്രട്ടറി

ചെലവ് - 667032/- ട്രഷറി ബിൽ നം .17/30.3.2017 (വികസന ഫണ്ട് എസ്സിപി)
(സ്ഥാപനം JIT SERVICES-ഇൻവോയ്സ് നമ്പർ 391/30.3.2017 667032.00 രൂപ)

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം വിതരണം പദ്ധതി പ്രകാരം 24 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട് .

ഓഡിറ്റ് അന്വേഷണം നം.14/2017. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥികളുടെ ചുവടെ ചേർത്ത രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|
| 1 | രജിത | വിദ്യാർത്ഥിനിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |
| 2 | ധന്യ.കെ | വിദ്യാർത്ഥിനിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |
| 3 | അർഷ.ജെ.തിലക് | 1.വിദ്യാർത്ഥിനിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. 2. ജാതി തെളിയിക്കുന്നതിനുള്ള രേഖ. |
| 4 | മീനാക്ഷി | അപേക്ഷ, വിദ്യാർത്ഥിനിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്നതിനുള്ള രേഖ |
| 5 | സ്വാമിനാഥൻ | ജാതി തെളിയിക്കുന്നതിനുള്ള രേഖ. |
| 6 | ഗൗരി | ജാതി തെളിയിക്കുന്നതിനുള്ള രേഖ. |
| 7 | കതിർവേൽ | വിദ്യാർത്ഥിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |
| 8 | സുജിത്.സി | വിദ്യാർത്ഥിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |

| | | |
|---|---|---|
| 9 | ശ്രീജിത്ത്.എസ് | വിദ്യാർത്ഥിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |
| 10 | കവിത.കെ | വിദ്യാർത്ഥിനിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |
| 11 | വിദ്യ.വി | ജാതി തെളിയിക്കുന്നതിനുള്ള രേഖ. |
| 12 | കെ.വി.പ്രഭിത | അപേക്ഷ, വിദ്യാർത്ഥിനിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്നതിനുള്ള രേഖ |
| 13 | നിബുൻ | വിദ്യാർത്ഥിയാണ് എന്നതിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |

ഓഡിറ്റ് അന്വേഷണം നം.14/2017 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ പറയുന്നത് മേൽ വിദ്യാർത്ഥികളുടെ പാരാമർശിച്ച രേഖകൾ ഉടൻ ലഭ്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് രേഖകൾ പരിശേധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 13 വിദ്യാർത്ഥികൾക്ക് നൽകിയ ലാപ് ടോപ്പുകളുടെ വില 361309രൂപ(ഒരെണ്ണത്തിന് 27793/- രൂപ) ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-3 രേഖകൾ ഇല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

എസ്.സി.ഭവനനിർമ്മാണം (വനിത)/218/17 - ചെലവ് 300000/-

നിർവ്വഹണം - അസി.സെക്രട്ടറി
അടങ്കൽ-1400000(വികസന ഫണ്ട് എസ്‌സിപി)+100000 തനത് ഫണ്ട്)

ചെലവ് - 300000/- ട്രഷറി ബിൽ നം .12/29.3.2017
ഒരു ഗുണഭോക്താവിന് 3,00,000 പ്രകാരം സബ്‌സിഡി അനുവദിക്കുന്ന ഈ പദ്ധതിപ്രകാരം 5 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവായി 60000/- രൂപ വീതം നൽകിയിട്ടുണ്ട്.

പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്താക്കളും പഞ്ചായത്തുമായുള്ള ഉടമ്പടി, സബ്‌സിഡി ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, ഗുണഭോക്താക്കൾ സബ്‌സിഡി തുക കൈപ്പറ്റിയതിന്റെ രേഖകൾ തുടങ്ങിയവ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിനു

മുന്പായി രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നാണ്. ആയതിനാൽ മതിയായ രേഖകളുടെ അഭാവത്തിൽ 300000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-4 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (241/17) 470000/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി - കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (241/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 470000/-(പ്ലാൻ ജനറൽ)

ചെലവ് - 470000/-

ട്രഷറി ബിൽ നം. - 3/22.11.2016

ഈ പദ്ധതിപ്രകാരം പദ്ധതി ഫണ്ട് പിൻവലിച്ച് കുടുംബശ്രീ സി.ഡി.എസ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ആദ്യം ചെയ്തിട്ടുള്ളത്. പിന്നീടാണ് (7.8.2017 ) റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്തിട്ടുള്ളത്.

18.7.2017 ലെ കുടുംബശ്രീ സി.ഡി.എസ് യോഗത്തിന്റെ മിനട്സ് (തീരുമാനം നമ്പർ 4) ൽ കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് 47 യൂണിറ്റുകൾക്ക് അടുത്ത മാസം നൽകാൻ തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ യോഗ്യതയുള്ള കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്തിട്ടില്ല. 7.8.2017 മുതലാണ് റിവോൾവിംഗ് ഫണ്ട് യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ചെക്ക് മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ഒരു യൂണിറ്റിന് 10000/- വീതം 47 യൂണിറ്റിന്.

ഇതിൽ ഇന്ത്യൻ ഓവർസീസ് ബാങ്ക് കഞ്ചിക്കോട് ബ്രാഞ്ചിലേക്കുള്ള 50000/- രൂപ (ചെക്ക്നം.461043/7.8.2017) കലക്ഷനായിട്ടില്ല. ശ്രീ നന്ദന കുടുംബശ്രീയുടെ ധനലക്ഷ്മി ബാങ്ക് പുതുശ്ശേരി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർചെയ്ത10000/-രൂപ(ചെക്ക് നം. 461046/7.8.2017) കലക്ഷനാവാതെ തിരികെ ലഭ്യമായിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. അർഹരായ കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്ത് അംഗീകരിച്ച ശേഷമായിരുന്നു പദ്ധതി തുക പിൻവലിക്കേണ്ടത്.

2. ട്രഷറി ബിൽ നം. - 3/22.11.2016 പ്രകാരം പദ്ധതി ഫണ്ട് പിൻ വലിച്ച് 18.7.2017 വരെ സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ചത് ധനവിനിയോഗ, പദ്ധതി മാർഗ്ഗരേഖക്കു വിരുദ്ധമാണ്. ധനാഗമം/ധനവിനിയോഗം ജി.ഒ(പി) 177/2006 ധനം/12.4.2006 ഖണ്ഡിക 10

പ്രകാരം സഞ്ചിത നിധിയിൽ നിന്നും അധികം പിൻവലിച്ച തുക അതേ സാമ്പത്തിക വർഷം തന്നെ തിരിച്ചടക്കണം. അതത് സാമ്പത്തിക വർഷം ചെലവഴിക്കാത്ത പദ്ധതി ഫണ്ട് നിശ്ചിത ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതായിരുന്നു.

2. കുടുംബശ്രീ യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമായത് ഉറപ്പുവരുത്തുന്നതിന് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്യാത്ത പദ്ധതി ഫണ്ട് പഞ്ചായത്ത് മുഖേന തിരിച്ചടക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ 470000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം പദ്ധതി - പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്, ജി.ടി.ഡബ്ല്യു.എൽ.പി.എസ്, നടുപ്പതി

പ്രോജക്ട് നം.- 153/17

അടങ്കൽ - 105800(തനത് ഫണ്ട്)

ചെലവ് - 44500

2016-17 സാമ്പത്തിക വർഷത്തിൽ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി യൂണിഫോമും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ശ്രീവിദ്യ.എസ് പരിശീലകയ്ക്ക് ഡി.ഡി നം.690488/27-03-17 പ്രകാരം 44500/- രൂപ കൈമാറിയിട്ടുണ്ട്.കഞ്ചിക്കോട് ജി.എൽ.പി. സ്കൂളിൽ പഠിക്കുന്ന 50 പെൺകുട്ടികളെയാണ് പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 05-09-14 ലെ സ.ഉ(സാധാ)നം. 568/2014/സാമൂഹ്യ നീതി വകുപ്പ് ഉത്തരവ് പ്രകാരം പരിശീലന കാലാവധി 6 മാസ കാലയളവായി പരിമിതപ്പെടുത്തേണ്ടതാണ്.

30-12-16 തിയതിയിലെ 7(3) നമ്പർ തീരുമാന പ്രകാരം ശ്രീവിദ്യ.എസ് പരിശീലകയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും 06-01-17 തിയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ പരിശീലകയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.കരാറിൽ പദ്ധതി 6 മാസം കൊണ്ട് പൂർത്തിയാക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. 2017 ജനുവരിയിൽ ആരംഭിച്ച പദ്ധതി നാളിതുവരെ പൂർത്തിയാക്കുകയോ പരിശീലനത്തിന് ശേഷം പരീക്ഷ നടത്തി നിയമാനുസൃത സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതി നാളിതുവരെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതും പരിശീലകയുമായി ഏർപ്പെട്ട കരാറിൽ സമയ ബന്ധിതമായി പദ്ധതി

പൂർത്തിയാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താത്തതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്.പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-6 ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പദ്ധതി രേഖകളിലെ അപാകതകൾ

പ്രോജക്ട് അങ്കണവാടി പോഷകാഹാര പരിപാടി 96/17

അടങ്കൽ - 54,00,000.00

ചെലവ് - 50,04,252.00

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം ചെയ്ത മേൽ പദ്ധതിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതിൽ കണ്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. ശക്തി ആരോഗ്യ ഫുഡ്സിന്റെ ബിൽ നം.401/23.12.2016 പ്രകാരം 78990/-രൂപ പദ്ധതി ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ഒറിജിനൽ ബില്ലാണ് പരിശോധനക്ക് ഹാജരാക്കിയത്. ബില്ലിൽ സബല അവിൽ വെല്ലം എന്നെഴുതി quantity,Unit priceഎന്നിവ ഇല്ലാതെ ആകെ തുക മാത്രമാണ് ഉണ്ടായിരുന്നത്. പ്ലാൻ തുക ട്രഷറിയിൽ നിന്ന് മാറുന്നതിന് ഒറിജിനൽ ബിൽ സമർപ്പിച്ചതിനാൽ എങ്ങിനെയാണ് ഫയലിൽ വീണ്ടും ഒറിജിനൽ ബിൽ വച്ചിരുന്നത് എന്ന് വ്യക്തമല്ല. ഓഡിറ്റ് പരിശോധനാസമയത്ത് വീണ്ടും പ്രസ്തുത ബില്ലിന്റെ കോപ്പിയിൽ quantity,Unit priceഎന്നിവ എഴുതി ഐ.സി.ഡി.എസ്. സൂപ്പർവൈസർ സമർപ്പിക്കുകയാണ് ഉണ്ടായത്.

2. ശക്തി ആരോഗ്യ ഫുഡ്സിന്റെ 19.3.2017 എന്ന തിയ്യതിയിലെ രണ്ടു ബില്ലുകളിൽ 250,406 എന്നീ നമ്പറുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്(250/19.3.2017 – 27145/-രൂപ & 406/19.3.2017 – 141219/- രൂപ). ഒരേ തിയ്യതിയിലെ ബിൽ നമ്പറുകൾ തമ്മിൽ വലിയ വ്യത്യാസം കണ്ടതിനെ തുടർന്ന് സ്ഥാപനത്തിനോട് (ശക്തി കുടുംബശ്രീ യൂണിറ്റിനോട് ) ബില്ല് ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ആയത് പരിശോധിച്ചപ്പോൾ ബിൽ 406/19.3.17 ൽ (ഒറിജിനൽ ബിൽ) ഒന്നും രേഖപ്പെടുത്തിയിട്ടില്ല എന്നും കണ്ടെത്തി. സ്ഥാപനത്തിന്റെ കാഷ് ബില്ല് ആധികാരികമല്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

3. ശക്തി ആരോഗ്യ ഫുഡ്സിന്റെ ഒരേ നമ്പർ ബില്ലുകൾ പ്രകാരം രണ്ട് തിയ്യതികളിൽ - (222/23.4.2016 – 125058/- രൂപ & 222/24.1.2017- 165288/- രൂപ.)വ്യത്യസ്ത തുകകൾ ട്രഷറിയിൽ നിന്നും മാറിയതായും കണ്ടെത്തി. ഒരു സാമ്പത്തിക വർഷത്തിൽ ഒരേ നമ്പർ ബില്ലുകൾ രണ്ടെണ്ണം ഉപയോഗിക്കുന്നത് ആധികാരികമല്ല. മേൽ പറഞ്ഞ കാര്യങ്ങളിൽ നിന്ന് സ്ഥാപനത്തിന്റെ ബിൽ ആധികാരികമല്ല എന്ന് വ്യക്തമാകുന്നു. പഞ്ചായത്ത്

തലത്തിൽ ഉള്ള കുടുംബശ്രീ സ്വയംതൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം സി.ഡി.എസ്. ചെയർ പേഴ്സൺ, പഞ്ചായത്ത് നിർവ്വഹണാധികാരികൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

4. ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഫയലിനോടൊപ്പം വെച്ചിട്ടുള്ള ചില ബില്ലിന്റെ കാർബൺകോപ്പികളിൽ പേനകൊണ്ടുള്ള രേഖപ്പെടുത്തലുകളുണ്ട്.

5. ഭക്ഷ്യസാധനങ്ങൾ സെന്ററുകളിൽ ഇറക്കുമ്പോൾ സെന്ററുകളിൽ നിന്ന് ഒപ്പിട്ടുവാങ്ങുന്ന വിതരണ സ്റ്റേറ്റുമെന്റിൽ ഭക്ഷ്യധാന്യത്തിന്റെ അളവ് എഴുതിയതിൽ വെട്ടിതിരുത്തലുകളുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 3-7 അങ്കണവാടി പോഷകാഹാര പദ്ധതി - 2,00,000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടി പോഷകാഹാര പദ്ധതി(96/17) പ്രകാരം 2,00,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ശക്തി ആരോഗ്യഫുഡ്സിന്റെ ബിൽ നം.33/24.10.2014 പ്രകാരം 54194/-രൂപയും, ബിൽ നം.41/2.12.2014 പ്രകാരം 145806/- രൂപയും ആകെ 2,00,000/-രൂപ (ചെക്കനം.433154/18.4.2017)ശക്തി ആരോഗ്യഫുഡ്സിന് നൽകിയിട്ടുണ്ട്. 2014-15 കാലയളവിലെ ബിൽ തുക 2016-17 സാമ്പത്തിക വർഷത്തിൽ നൽകിയതിന്റെ കാരണം, 2014-15 വർഷത്തിൽ പ്രസ്തുത ബില്ലുകൾക്ക് തുക നൽകിയിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവുകൾ, ഈ വർഷം ബിൽ തുക നൽകിയത് എന്തടിസ്ഥാനത്തിലാണ്, ബില്ലുകൾ പ്രകാരമുള്ള ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിൽ ലഭ്യമായിട്ടുള്ളതിന്റെ രേഖകൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/26.9.2017 ) മറുപടി ലഭ്യമായില്ല. രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-8 25000/-രൂപ ചെലവ് തടസ്സം

ഐ.സി.ഡി.എസ് . സൂപ്പർവൈസർ നിർവ്വഹിച്ച 'ജാഗ്രതാസമിതി' (122/17)പദ്ധതി - പദ്ധതിപ്രകാരം 20000/- രൂപ (ചെക്ക് നമ്പർ 911443/9.1.2017) തനത് ഫണ്ടും 5000/- രൂപ ധനകാര്യകമ്മിഷൻഗ്രാന്റും (ട്രഷറി ബിൽ നം.16/30.3.2017) ചെലവുണ്ട്. ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ 25000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

# 3-9 ഭവന നിർമ്മാണത്തിനായുള്ള

# ആദ്യഗഡുക്കൾ കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം 17/17 (ഭവനനിർമ്മാണം ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

അടങ്കൽ- വികസന ഫണ്ട് -2040000

ചെലവ്-1720000

യൂണിറ്റ് വില-200000

മേൽ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ വീടുപണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര് | നാളിതു വരെ<br>കൈപ്പറ്റിയ തുക | ഡി.ഡി.നം/തീയതി | ശേഷിക്കുന്ന തുക |
|---|---|---|---|
| കന്ദ കന്തമ്മാൾ, നാഗരാജ്,അട്ടപ്പള്ളം. | 180000 | 20000-129683/ 29.01.16<br>60000-129684/ 29.01.16<br>60000- 450637/21.11.16 | 20000 |
| ശാരദ,ശിവരാമൻ,<br>നരസിംഹപുരം | 80000 | 20000- 133292/8.3.16<br>60000-450643/ 21.11.16 | 120000 |
| വേലുമണി.രവി, ശെൽവപുരം,<br>അട്ടപ്പള്ളം | 140000 | 20000-136860/ 24.3.16<br>60000-450644/ 21.11.16<br>60000-ഡി.ഡി.നം ഇല്ല,18.3.17 | 60000 |
| യശോദ,മുരുകൻ, | 80000 | 20000-ഡി.ഡി.നം | 120000 |

| | | | |
|---|---|---|---|
| നിലയിത്തിരി | | രേഖപ്പെടുത്തിയിട്ടില്ല<br>60000-ഡി.ഡി.നം<br>രേഖപ്പെടുത്തിയിട്ടില്ല | |

ഓഡിറ്റ് അന്വേഷണത്തിലൂടെ ഈ വിവരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. നിലവിൽ പദ്ധതി സ്പിൽ ഓവറായി തുടരുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്.

# 3-10 സർക്കാർ അനുമതിയില്ലാതെ ദിവസവേതനജീവനക്കാരെ നിയമിച്ചു

ഗ്രാമപഞ്ചായത്തിലെ എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ പരിശോധനാവിധേയമാക്കിയതിൽ താഴെ പറയും പ്രകാരം മൂന്നുപേരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് ദിവസവേതനം നൽകിയിട്ടുണ്ട് എന്ന് കണ്ടെത്തി.

| പേര് | തസ്തിക | കാലയളവ് | ആകെ തുക |
|---|---|---|---|
| ശ്രീമതി.രജിത.ആർ. | ക്ലർക്ക്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ<br>എൽ.എസ്.ജി.ഡി. വിഭാഗം | 3/16,<br>6/16 to 2/17 | 143800 |
| ശ്രീമതി.സ്നേഹ ലൂയി<br>&<br>ശ്രീമതി.പവിത്ര | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കൽ | 5/16 to 2/17 | 104580 |
| | | | 248380 |

ഭരണസമിതിയുടെ 30.5.16 ലെ 5(3) നമ്പർ തീരുമാനത്തിൽ എൽ.എസ്.ജി.ഡി.കാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുണ്ടെങ്കിലും നിയമനം നടത്തിയിട്ടില്ലാത്തതിനാൽ 179 ദിവസത്തേക്ക് ശ്രീമതി രജിതയെ ക്ലർക്ക് & ഡി.ടി.പി.ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു എന്നാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് എൻക്വയറിക്കുള്ള (13/22.9.17) )മറുപടിയിൽ ക്ലർക്കിന്റെ തസ്തിക നിലവിലില്ല എന്നും ഓഫീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ക്ലർക്കിന്റെ സേവനം അത്യാവശ്യമായതിനാലാണ് നിയമനം നടത്തിയത് എന്നും എ.ഇ. അറിയിച്ചിട്ടുണ്ട്. കൂടാതെ 179 ദിവസത്തേക്കാണ് ഭരണസമിതി അംഗീകരിച്ചതെങ്കിലും 31-3-17 വരെയും വേതനം നൽകിയിട്ടുണ്ട്.

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നതിന് നിലവിലെ ജീവനക്കാർക്ക് കഴിയാതിരുന്ന സാഹചര്യത്തിലാണ് 27.6.16 ലെ ഭരണസമിതിയുടെ 19(15) തീരുമാനപ്രകാരം 2 പേരെ നിയമിച്ചതെന്നും ഇവർ 2006-17 മുതൽ 2011-12 വരെയുള്ള ഡിമാന്റ് രജിസ്റ്ററുകളും 2013-14 മുതലുള്ള ഡി.സി.ബി. രജിസ്റ്ററുകളും തയ്യാറാക്കിയിട്ടുണ്ട് എന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. 1.6.16 മുതൽ 31-3-17 വരെയും ഇവർക്ക് ദിവസവേതനം നൽകിയിട്ടുണ്ട്.

സർക്കാർ അംഗീകരിച്ച തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ മാത്രമാണ് പി.എസ്സ്.സി./ എംപ്ലോയ് മെന്റ് മുഖേന നിയമനം നടത്തുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താവുന്നത്. നിലവിലില്ലാത്ത തസ്തികകളിൽ സർക്കാറിന്റെ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയത് ക്രമപ്രകാരമല്ല. സർക്കാർ അനുമതിയില്ലാതെ ദിവസവേതനം നൽകുന്നതിന് തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക 248380/- തടസ്സപ്പെടുത്തുന്നു.

# 3-11 സാക്ഷരതാ പ്രേരകുമാർക്ക് മുൻകൂർ നൽകിയ ഹൊണറേറിയം ക്രമീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2 സാക്ഷരതാ പ്രേരകുമാരുടെ ഹൊണറേറിയം ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തൻവർഷം ഹോണറേറിയം നൽകുവാൻ ചെലവഴിച്ച തുകയിൽ ₹ 72845 നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-12 ഓണം അഡ്വാൻസ് - ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകൾ, മുൻകൂർ രജിസ്റ്റർ എന്നിവ പ്രകാരം 2014-15 ൽ ശ്രീ.ആർ.രാജേഷ്, ക്ലർക്ക് എന്ന ജീവനക്കാരന് അനുവദിച്ച ഓണം അഡ്വാൻസിൽ 4000/- രൂപ നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല. ശ്രീ.രാജേഷ് നെല്ലായ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറിപോയതിനാൽ പ്രസ്തുത പഞ്ചായത്തിലേക്ക് തുക ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (13/22.9.17) മറുപടി നൽകിയത്. ഓരോ വർഷവും അനുവദിക്കുന്ന ഓണം അഡ്വാൻസ് പ്രസ്തുത സാമ്പത്തികവർഷത്തിൽ തന്നെ ക്രമീകരിക്കേണ്ടതാണ്. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മുൻകൂർ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല എന്ന് കണ്ടെത്തി.

| ഇനം | ഡെപ്പോസിറ്റ് ചെയ്തത് | തുക |
|---|---|---|
| ഇ.എം.ഡി | 28.11.11 മുതൽ 31.3.15 | 394262 |
| എസ്.ഡി | 29.8.11 - 1.3.16 | 153067 |
| റീടെൻഷൻ (6 work) | 31.3.13 - 14.1.15 | 153067 |
| ഇ.എം.ഡി (Bidder) | 29.11.11 - 15.12.16 | 12800 |
| എസ്.ഡി (Bidder) | 20.10.15 | 700 |
| ആകെ | | 713896 |

മൂന്നുവർഷകാലാവധി കഴിഞ്ഞിട്ടും ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് തുക കേരള ഫിനാൻഷ്യൽ കോഡ് Vol.1 Art.282(1) അനുസരിച്ച് തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷം തിരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തുകയോ തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ തിരികെ നൽകിയ ഡെപ്പോസിറ്റുതുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. 31-3-17 ന് നിലവിലുള്ള ഡെപ്പോസിറ്റുകളുടെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. പൂർണ്ണമായ

വിവരങ്ങൾ(തിരികെ നൽകുന്ന വൗച്ചർ നമ്പർ സഹിതം) ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 3-14 സ്ഥിരനിക്ഷേപങ്ങൾ - വ്യവസ്ഥകൾ പാലിക്കുന്നില്ല.

1996 -ലെ കേരളപഞ്ചായത്ത് രാജ്(പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും)ചട്ടങ്ങൾ - ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ മിച്ചഫണ്ട് ഗവൺമെന്റ് സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലും അല്ലെങ്കിൽ ഓഡിറ്റ് തരംതിരിവിൽ ബി യിൽ കുറയാത്ത സഹകരണസ്ഥാപനങ്ങളിലുമാണ് നിക്ഷേപിക്കാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 31-3-17 ന് നിലവിലുള്ള സ്ഥിരനിക്ഷേപമായ 17500266 രൂപയിൽ 12500266 രൂപയും ദേശസാൽകൃതബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കനറാ ബാങ്ക്, കഞ്ചിക്കോട്/ | 5000000 |
| പഞ്ചാബ് നാഷണൽ ബാങ്ക്, കഞ്ചിക്കോട്/ | 2500266 |
| ഇന്ത്യൻ ഓവർസീസ് ബാങ്ക്, കഞ്ചിക്കോട് | 5000000 |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക്,കഞ്ചിക്കോട്/ | 5000000 |
| | 17500266 |

പഞ്ചായത്തിന്റെ മിച്ചഫണ്ട് നിക്ഷേപിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 പൊതുടാപ്പുകൾ

## നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 520 പൊതു കുടിവെള്ള ടാപ്പുകൾ (26.7.16 ലെ സംയുക്തപരിശോധനാറിപ്പോർട്ട് പ്രകാരം) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ തൻവർഷം ആകെ 25,65,940 രൂപ(8/16 വരെ 445 ടാപ്പുകൾക്കും തുടർന്ന് 520 ടാപ്പുകൾക്കും) ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ജലഅതോറിറ്റിയിൽ നിന്നും ബൾക്ക് മീറ്റർ അടിസ്ഥാനത്തിൽ കുടിവെള്ളം വാങ്ങി ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകൾ മുഖേന നേരിട്ട് വിതരണം ചെയ്യുന്നുമുണ്ട്. ബൾക്ക് മീറ്റർ ചാർജായി 2016-17 ൽ 2282876 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപണികൾക്കായി തൻവർഷം 1460470 രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളപദ്ധതിയിൽ നിന്നും വ്യക്തിഗതകണക്ഷനുകൾ നൽകിയിട്ടില്ല. അതിനാൽ കുടിവെള്ളവിതരണത്തിൽ നിന്നും വരവ് ഉണ്ടാകുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ ഉൾപ്പെടാത്ത ഇനമായ ജലവിതരണത്തിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 60 ലക്ഷത്തിലധികം രൂപ ചെലവഴിക്കേണ്ടിവരുന്നത് ആശാസ്യമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്നതായിരുന്നു 12-ാം പദ്ധതിയുടെ സമീപനം. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. കൂടാതെ 2016-17 ൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കലും പൊതുടാപ്പുകൾ സ്ഥാപിക്കലും (10/17) എന്ന പദ്ധതിക്കായി 28,78,625/- രൂപ വാട്ടർഅതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ തസ്വഭവ തിയതി 29-3-2017, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

2. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.13/22-9-2017നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 വൈദ്യുതി ബോർഡ് സെക്ഷൻ ഓഫീസിന്റെ വാടക പഞ്ചായത്ത് നൽകി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കഞ്ചിക്കോട് കെ.എസ്.ഇ.ബി വിഭജിച്ച് വാളയാർ സെക്ഷൻ ഓഫീസ് 1-3-17 ന് ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ കെട്ടിടത്തിൽ പ്രതിമാസം 10000/- രൂപ നിരക്കിൽ വാടകയ്ക്കാണ് സെക്ഷൻ ഓഫീസ് പ്രവർത്തനമാരംഭിച്ചത്. ഭരണസമിതിയുടെ 16.2.17 ലെ തീരുമാനനമ്പർ 4(5) പ്രകാരം കെട്ടിട വാടക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാൻ തീരുമാനിക്കുകയും 3/17 ലെ വാടകയായ ₹10000/- (വൗച്ചർ നമ്പർ -21601481/6-3-17) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് - 16 /23.9.17 - മറുപടിയായി ഗ്രാമപഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസിനായി സൗജന്യമായി കെട്ടിടം കണ്ടെത്തുവാൻ ഭരണസമിതി തീരുമാനിച്ചുവെങ്കിലും ലഭ്യമാക്കുവാൻ കഴിയാതിരുന്നതിനാൽ വാടക തനത്ഫണ്ടിൽ നിന്നും എല്ലാ മാസവും നൽകാൻ തീരുമാനിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്. വൈദ്യുതിബോർഡിന് ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കാതെ ഈയിനത്തിൽ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. വാടകയിനത്തിൽ ചെലവ്ഴിച്ച തുകയായ 10000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

# 3-17 മഴക്കാലപൂർവ്വ ശുചീകരണം -വിനിയോഗരേഖകൾ ഹാജരാക്കിയില്ല

മഴക്കാലപൂർവ്വ ശുചീകരണം

ചെലവ് - 230000(TSC)

വൗച്ചർ നമ്പർ - 216008740/17.10.16

വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി മേൽപറഞ്ഞ പ്രകാരം 230000/- വിവിധ വാർഡ്തല ശുചീകരണകമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ദാരിദ്രനിർമാർജനവിഭാഗം പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് പ്രകാരം ഭരണസമിതി

അംഗീകരിച്ച വാർഡ് തല സൂക്ഷമകർമ്മപദ്ധതി രേഖ നടപ്പിലാക്കുന്നതിനായാണ് തുക അനുവദിക്കുന്നത്. കാംപൈൻ കഴിഞ്ഞ് ഒരാഴ്ചക്കകം വിനിയോഗരേഖകൾ (ഒറിജിനൽ വൗച്ചർ) സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ് എന്ന് സർക്കുലർ നമ്പർ -201/D.C.1/16/LSGD dt 1.4.16, ദാരിദ്രലഘൂകരണവിഭാഗം ഡയറക്ടറുടെ ഉത്തരവ് നമ്പർ 499/NBA/14/19.7.16 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വാർഡ് തലസമിതികളിൽ നിന്നും ചെലവ് രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി-5/14.7.17) മുൻകൂറായി അനുവദിക്കുന്ന തുകകളുടെ വിനിയോഗരേഖകൾ വാങ്ങി സൂക്ഷിക്കുവാനും ശുചിത്വസമിതികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗ രേഖകളുടെ അഭാവത്തിൽ 2,30,000.00 രൂപ തടസ്സപ്പെടുത്തുന്നു.

# 3-18 ടാങ്കർ ലോറിയിലെ ജലവിതരണം - നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തിയതിന് ദാസ് & ദാസ് വാട്ടർ സപ്ലൈ, പിരുവുശാല എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുകകൾ തനത്ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. പഞ്ചായത്ത് നേരിട്ട് ജലവിതരണം നടത്തിയതിനുള്ള ചെലവ് തുക അനുവദിക്കാൻ(@1750/ 5000 ltr) 30.3.16 ലെ 13(2) തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ജലവിതരണം നടത്തിയ കാലയളവ് | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| | | | |
| 1 | 10.3.16 – 5.4.16 | 21600178/13-5-16 | 33250 |
| 2 | 12.5.16-16.5.16 | 21600446/22.7.16 | 42000 |
| 3 | 5/16 | 21600447/22.7.16 | 84000 |
| 4 | 6/16 | 21600448/22.7.16 | 14000 |
| 5 | 17.5.16-26.5.16 | 21600555/18.8.16 | 224000 |
| 6 | 29.7.16 – 16.10.16 | 21601116/13.12.16 | 111900 |
| | | | 509150 |

സർക്കാർ ഉത്തരവ് 1466/16/lsgd(FM) /16.4.16 പ്രകാരം ജില്ലാ കളക്ടർ വരൾച്ച ബാധിതമെന്ന് പ്രഖ്യാപിച്ച പ്രദേശത്ത് സംസ്ഥാനസർക്കാരിന്റെ മറ്റു വകുപ്പുകൾ നടപ്പിലാക്കാത്ത പ്രവർത്തികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെ ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. ജലവിതരണം ചെയ്യുന്ന വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് മെമ്പറും എ.ഡി.എസ്. ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽപറഞ്ഞ വ്യവസ്ഥകളൊന്നും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് ജലവിതരണത്തിന് തുക ചെലവഴിച്ചിട്ടുള്ളത്.

ജലവിതരണം നടത്തിയ പ്രദേശങ്ങൾ വരൾച്ചബാധിതമെന്ന് കളക്ടർ പ്രഖ്യാപിച്ച പ്രദേശങ്ങളാണ് എന്നതിനും പ്രസ്തുത സ്ഥലങ്ങളിൽ റവന്യൂ വകുപ്പ് ജലവിതരണം നടത്തിയിട്ടില്ല എന്നതിനും രേഖകളില്ല. ക്രമനമ്പർ 1 പ്രകാരമുള്ള 33250/- രൂപ ദാസ് വാട്ടർ സപ്ലൈയുടെ തിയതിയില്ലാത്ത ഇൻവോയ്സ് അടിസ്ഥാനമാക്കിയാണ് നൽകിയിട്ടുള്ളത്. ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രതിദിനം 5000 ലിറ്റർ വീതം റവന്യൂവകുപ്പ് വിതരണം നടത്തിയിരുന്നു എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രമനമ്പർ 2 മുതൽ 6 വരെയുള്ള പേയ്മെന്റുകൾക്ക് ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് എ.ഡി.എസ്. ചെയർപേഴ്സണും വാർഡ് മെമ്പറും സാക്ഷ്യപ്പെടുത്തിയിട്ടില്ല

വരൾച്ചാ ദുരിതാശ്വാസപദ്ധതി പ്രകാരം ടാങ്കർലോറി ജലവിതരണത്തിന് 509150 രൂപയും ജലവിതരണപൈപ്പ്ലൈൻ റിപ്പയറിന് 721381 രൂപയും ഉൾപ്പെടെ ആകെ 1230531രൂപയാണ് ഗ്രാമപഞ്ചായത്ത് നേരിട്ട് ചെലവഴിച്ചത്. ഇവയ്ക്കായി പ്രൊജക്ട് രൂപീകരിക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ 10 ലക്ഷം രൂപയേക്കാൾ 230531 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

വരൾച്ച ദുരിതാശ്വാസത്തിനായുള്ള ജലവിതരണം ജൂൺ, ജൂലൈ മാസങ്ങളിലും നടത്തുകയും 30.11.16 ലെ ഭരണസമിതി തീരുമാനപ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. മഴക്കാലത്തും ടാങ്കർലോറിയിൽ ജലവിതരണം നടത്തുന്നതിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി -13/22.9.17 ന് മറുപടി ലഭ്യമായില്ല. സർക്കാർ നിർദേശങ്ങൾ പാലിക്കാതെ ജലവിതരണത്തിനായി ചെലവഴിച്ച 509150 രൂപ തടസ്സപ്പെടുത്തുന്നു.

# 3-19 തെരുവ് വിളക്ക് അറ്റകുറ്റപണി - വൈദ്യുതിബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രൊജക്ട് -സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (105/17)

അടങ്കൽ -1500000 (തനത് ഫണ്ട്)

നിർവഹണം - സെക്രട്ടറി

കരാറുകാരൻ - ശ്രീ.ജഗദീഷ് കുമാർ

ചെലവ് -

21600674/1.10.16 – 296542

21601138/ 16.12.16 – 760490

21601700/ 31.3.17 - 275190

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുത്ത ശ്രീ.ജഗദീഷ് കുമാർ എന്ന വ്യക്തിക്ക്, കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. കരാറുകാരൻ നൽകിയ ഇൻവോയ്സ് അടിസ്ഥാനമാക്കിയാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി നടത്തിയതായി വൈദ്യുതി ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വാർഡ് മെമ്പർമാരുടെ കത്ത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (16/23.9.17)നുള്ള മറുപടിയിൽ കെ.എസ്.ഇ.ബിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. കരാർ നിബന്ധനകൾ പാലിച്ച് വൈദ്യുതി ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയശേഷം മാത്രം കരാർ തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-20 രേഖകൾ ഇല്ല പദ്ധതി ചെലവ് തുക തടസ്സപപ്പെടുത്തുന്നു

അസി.സെക്രട്ടറി നിർവ്വഹണം ചെയ്ത എസ്.സി ഭവനപുനരുദ്ധാരണം(125/17) പദ്ധതി പ്രകാരം 450000/-രൂപ (ട്രഷറി ബിൽ നം.7/20.2.2017 -150000/- & 10/29.3.2017-300000/-) ചെലവുണ്ട്. 9 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം ഭവനപുനരുദ്ധാരണ ധനസഹായം നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ :

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 4/ 2016 തീ. 11.01 2016 പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

1. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, വീടിന്റെ കാലപഴക്കം സംബന്ധിച്ച സാക്ഷ്യപത്രം,വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് ഉറപ്പു വരുത്തിയിരിക്കണം. ഇതു സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

2ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, എൽ.എസ്.ജി.ഡി. എഞ്ചിനീയർ വാല്യവേഷൻ നടത്തിയ സാക്ഷ്യപത്രം എന്നീ രേഖകൾ ഇല്ലാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്.

3. സബ്സിഡി തുകയുടെ 50% അഡ്വാൻസ് നൽകി ബാക്കി തുക പ്രവർത്തി പൂർത്തീകരിച്ച ശേഷമാണ് നൽകേണ്ടത്. എന്നാൽ സരോജനി, രാമചന്ദ്രൻ, വെങ്കിടാചലം എന്നീ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക മുഴവനും ഒറ്റത്തവണയായി നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ 450000/- രൂപയുടെ ചെവല് ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

# 3-21 ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രോജക്ട് നം -200/17 (ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, ആയുർവേദം

ഫണ്ട് - MG(N R)

ചെലവ് - 600000 ( ബിൽ നം -1/16-17)

പഞ്ചായത്ത് പരിധിയിലുള്ള രണ്ട് ആയുർവ്വേദാശുപത്രിക്കൾക്കായി 600000 രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനായി ഔഷധിയുമായി എഗ്രിമെന്റ് വച്ച് തുക നൽകിയിട്ടുണ്ട്. താഴെ പറയും പ്രകാരം ആകെ 557101 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

Inv-No 3121/10-01-17-155531

Inv-No 4353/27-02-17-79623

Inv-No 4666/17-03-17-31049

Inv-No3120/10-01-17-146526

Inv No-4355/27-02-17-41591

Inv No-5016/31-03-17-24494

Inv No-4920/29-03-17-8185

Inv No-4695/18-03-17-70102

557101

42899 രൂപയുടെ ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫിസർ ഔഷധിയിലേക്ക് നിരവധി തവണ കത്തയച്ചിട്ടുണ്ട്. നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്ട് നം.114/17) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നം. 3/16.3.17 പ്രകാരം 312500 രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. തുകയുടെ കൈപ്പറ്റ് രശീത് പരിശോധനക്ക് ലഭ്യമായിട്ടില്ല. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

# 3-23 നിശ്ചിത സമയപരിധിക്കകം കരാറുകാർഎഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി. ഒ. (പി) 13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്. ആയതിനാൽ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ 40004 /-രൂപ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം19./23.9.17 ) ലഭ്യമായ മറുപടി പിഴ ചുമത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ് എന്നാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| ക്രമ നമ്പർ | പ്രൊജക്റ്റ് കരാർ തുക | ടെണ്ടർ തീയതി/ അംഗീക രിച്ചത് | സെലക്ഷൻ നോട്ടീസ് അയച്ചത് | എഗ്രിമെന്റ് വെച്ചത് / കരാറുകാ രൻ | പിഴ ഈടാ ക്കേ ണ്ടത് |
|---|---|---|---|---|---|
| 1. | നെടുത്തറ ഡ്രെയിനേജ് നിർമ്മാണം, 110/16, 448136 | 7.8.15<br>12.8.15 | - | 27.1.16<br>ഉൻമേഷ് | 4481 |
| 2. | തെക്കേത്തറ ബാങ്ക്റോഡ് കോൺക്രീറ്റിംഗ്, 221/17, 395930 | 27.12.16<br>30.12.16 | 4.1.17 | 1.2.17<br>ടി. പുഷ്പ രാജൻ | 3959 |
| 3. | നട്ടപ്പതി കുടിവെള്ള പദ്ധതി 28/17, 271621 | 13.2.17<br>16.2.17 | 16.2.17 | 10.3.17<br>രാജമാണി ക്യൻ | 2716 |
| 4 | തമിഴ്ത്തറ അംഗൻവാടി അറ്റകുറ്റപ്പണി, 161/16, 294173 | 6.8.15<br>12.8.15 | - | 19.9.16<br>ഉൻമേഷ് | 2942 |
| 5. | പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം,<br>166/16,888357 | 13.7.16<br>30.8.16 | 1.9.16 | 15.12.16<br>കൃഷ്ണമൂർത്തി | 8884<br>(-)<br>7633<br>(ഈടാ ക്കിയത്) =1251 |
| 6. | വാളയാർ കിണർ റോഡ് കോൺക്രീ റ്റിംഗ്, 137/17, 293325 | 27.12.16<br>30.12.16 | 4.1.17 | 10.2.17<br>ശിവൻ | 2933(-)<br>2855(ഈടാ ക്കിയത്) =78 |
| 7. | തമിഴ്ത്തറ റോഡ് ഡ്രെയി നേജ്, 105/16, 449708 | 6.8.15<br>12.8.15 | - | 9.9.15<br>ദേവദാസ് | 4497(-)<br>4371(ഈ ടാക്കിയത്) = 126 |
| 8. | പുതുശ്ശേരി കൊളയക്കോട് റോഡ് പുനരുദ്ധാരണം, 264/16, 200000 | 14.3.16<br>30.5.16 | 31.5.16 | 5.9.16<br>ഉൻമേഷ് | 2000 |

| | | | | | |
|---|---|---|---|---|---|
| 9. | കൊല്ലംപറമ്പ് റോഡ് പുനരുദ്ധാരണം, 274/16,398136 | 14.3.16<br>30.5.16 | 31.5.16 | 20..6.16<br>വിളംബര നാഥൻ | 3981 |
| 10. | കണ്ണോട് നാളർചള്ള<br>റോഡ്, 262/16, 249738 | 14.3.16<br>30.5.16 | 31.5.16 | 23.6.16<br>മധുസൂദനൻ | 2497 |
| 11. | ഗണേശപുരം അംഗൻവാടി നിർമ്മാണം, 234/15,<br>799734 | 28.1.15<br>16.2.15 | - | 31.3.15<br>ശിവൻ | 7997 |
| 12. | കഞ്ചിക്കോട് PHC അറ്റകുറ്റപ്പണി, 233/16, 797561 | 13.7.16<br>30.8.16 | 1.9.16 | 22.9.16<br>വിളംബര നാഥൻ | 7976 |
| | ആകെ | | | | 40004 |

2.കഞ്ചിക്കോട് അംഗൻവാടി കെട്ടിടം അറ്റകുറ്റപ്പണി പ്രവൃത്തി- എഗ്രിമെന്റ് ഒരു വർഷത്തിനുശേഷം

പ്രൊജക്റ്റ്- 160/16

പിഎസി - 298777

ടെണ്ടർ - 6.8.15

ടെണ്ടർ അംഗീകരിച്ചത് -12.8.15

കരാറുകാരൻ- മണികണ്ഠൻ

എഗ്രിമെൻറ് വെച്ചത് - 30.8.16

ടെണ്ടർ അംഗീകരിച്ച് പരമാവധി 21 ദിവസത്തിനകം എഗ്രിമെന്റ് വെയ്ക്കേണ്ടതിനു പകരം 384 ദിവസങ്ങൾക്ക് ശേഷമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത് . സെലക്ഷൻ നോട്ടീസ് നൽകി കരാറുകാരൻ നിയമപ്രകാരം എഗ്രിമെന്റ് വെക്കുന്നതിന് ഹാജരാകേണ്ട സമയപരിധി ലംഘിച്ചാൽ സ്വീകരിക്കേണ്ട യാതൊരു നടപടി ക്രമങ്ങളും നിർവ്വഹണോദ്യോഗസ്ഥനായ

അസി.എഞ്ചിനീയർ പാലിച്ചു കാണുന്നില്ല. കരാർ റദ്ദാക്കുകയോ EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കാതെ പിഴ ഈടാക്കി എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്. നിയമപ്രകാരം സാധുതയില്ലാത്ത ഈ എഗ്രിമെന്റ് അംഗീകരിച്ചത് നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയറുടെ വീഴ്ചയാണ് . ഇതുമൂലം 31.3.16നകം പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 25.10.16 നാണ് പൂർത്തീകരിച്ചത്. 19/23.9.17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമായ മറുപടിപ്രകാരം എ.ഇ യ്ക്ക് അഡീഷണൽ ചാർജായതിനാൽ എഗ്രിമെന്റ് വെയ്ക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടില്ല എന്നാണ്.

പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ നിർവഹണ സമയക്രമം കൃത്യമായി പാലിക്കുന്നതിന് ഭരണ സമിതി, നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് സമിതി എന്നിവർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട് . ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച പ്രൊജക്ടുകൾ അതതു വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ആയതിന്റെ പ്രയോജനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻ മുൻകൈ എടുക്കേണ്ടതാണ് .

# 3-24 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തി എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച് കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ

ചെയ്തിട്ടില്ല . എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് കരാർ തുകയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1. തമിഴ്ത്തറ റോഡ് ഡ്രെയിനേജ്

പ്രൊജക്റ്റ്- 105/16

കരാർ തുക- 449708/-

കരാറുകാരൻ- ദേവദാസ്

എഗ്രിമെൻറ് നം- 103/9.9.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 31.3.16

പൂർത്തീകരിച്ച തീയതി - 19.12.16

അളവു പുസ്തകം- 345/16-17

ഫൈനൽ ബിൽ - 45/30.3.17-437074/-

പിഴ ഈടാക്കേണ്ടത്- 12.5.16-18.12.16(41ദിവസം ഗ്രേസ്സ്പിരീഡ്)

12.5.16-11.8.16 @1% *449708 – 4497/-

12.8.16-11.11.16- 2% - 8994/-

12.11.16-18.12. 16- 3798/-(38ദിവസത്തിന് )

ആകെ പിഴ- 17289/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 17289 /-

പിഴയിനത്തിലുള്ള 17289/- രൂപ കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിലടക്കേണ്ടതാണ്.

# 3-25 ഗണേശപുരം അംഗൻവാടി നിർമ്മാണം- പ്രൊജക്റ്റ് നിർവ്വഹണ നടപടിക്രമങ്ങളിലെ അപാകതകൾ

പ്രൊജക്റ്റ്- 234/15

കരാർ തുക- 799734/-

ടെണ്ടർ -28.1.15

കരാറുകാരൻ- ശ്രീ.ശിവൻ

എഗ്രിമെൻറ് നം- 116/31.3.15

സ്ഥലം കൈമാറിയത് -31.3.15

അളവു പുസ്തകം-27/2015-16

ഫൈനൽ ബിൽ - ചെക്ക്നം. 711238/26.8.16-737404/-

ഗണേശപുരം അംഗൻവാടി കെട്ടിടം നിർമ്മാണത്തിനായി മൺപണി മുതൽ കെട്ടിടത്തിന്റെ സ്ട്രക്ചർ ,പ്ലാസ്റ്ററിംഗ് , ജനൽ ,വാതിൽ,ഫ്ലോറിംഗ്-സെറാമിക് ടൈൽസ് -,വൈറ്റ് വാഷിംഗ്,പ്ലംബിംഗ്,സാനിറ്ററി ഫിറ്റിംഗ്സ് മുതലായ പ്രവൃത്തികൾക്കായി തനതു ഫണ്ടിൽനിന്നും 800000/-രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തിയുടെ വർക്ക്ഫയൽ , അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ നിർവ്വഹണനടപടിക്രമങ്ങളിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ ഇല്ല. ഇത് പദ്ധതിമാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമല്ല.

2. ടെണ്ടർ അംഗീകരിച്ച് നിശ്ചിത സമയപരിധിക്കകം എഗ്രിമെന്റ് വെച്ചില്ല.

3. പ്രൊജക്റ്റ് കലണ്ടർ പ്രകാരം പ്രവൃത്തി 6മാസത്തിൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ എഗ്രിമെന്റ് രജിസ്റ്ററിലോ മറ്റ് രേഖകളിലോ പൂർത്തീകരിക്കേണ്ട തീയതി ചേർത്തിട്ടില്ല.

4. 31.3.15 ന് പ്രവൃത്തിക്കായി സ്ഥലം കൈമാറി നൽകിയിട്ടുണ്ടെങ്കിലും കരാറുകാരൻ 15.6.16 ന് "പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് കാലതാമസം ആയതിനാൽ പുതിയകെട്ടിടം പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ പിഴ കൂടാതെ പണി പൂർത്തിയാക്കുന്നതിന് അനുവദിക്കണമെന്ന്" അപേക്ഷിച്ചിട്ടുണ്ട്. എ. ഇ. ഇത് ശുപാർശചെയ്ത് സെക്രട്ടറിക്ക് കത്തുനൽകിക്കാണുന്നു. എന്നാൽ കരാർ കാലാവധിക്കുള്ളിൽ അപേക്ഷിക്കാതെ എഗ്രിമെന്റ്

വെച്ച് സ്ഥലം ഏറ്റുവാങ്ങി 14.5 മാസങ്ങൾക്കുശേഷമാണ് കരാറുകാരൻ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമയം കൂടുതൽ ആവശ്യപ്പെടുന്നത്.

5. എന്നാൽ പഴയകെട്ടിടം പൊളിച്ചുമാറ്റുന്നത് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളതായി രേഖ ഇല്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം പൊളിച്ച മാറ്റുന്നതിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്ത് ഇതിനായി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ പൊളിച്ചുമാറ്റിയതിന് ചെലവുചെയ്തതായോ ലഭിച്ച സാധനങ്ങൾ ഉപയോഗിക്കാവുന്നതാണോ എന്നും എ. ഇ സാക്ഷ്യപ്പടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ സമയം ലഭ്യമായിരുന്നിട്ടും പൂർത്തീകരിക്കാതെ പിഴ കൂടാതെ പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് അംഗീകരിക്കാവുന്നതല്ല. ഇതിന്റെ ഭരണസമിതി തീരുമാനവും ഹാജരാക്കിയിട്ടില്ല.. ആയതിനാൽ കരാറുകാരനിൽ നിന്നും താഴെ സൂചിപ്പിക്കുന്ന വിധത്തിൽ പിഴ ഈടാക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 30.9.15 (പ്രൊജക്റ്റ് കലണ്ടർ പ്രകാരം 6 മാസം. ഇതിനു പുറമേ ഡിപാർട്ട്മെന്റ് തലത്തിലുള്ള തടസ്സത്തിന് പരമാവധി നൽകാവുന്ന 50% അതായത് 3മാസം ദീർഘീകരണം കൂടി കരാറുകാരന് നൽകിയാൽ 31.12.15.)

പൂർത്തീകരിച്ച തീയതി- 17.6.16

പിഴ ഈടാക്കേണ്ടത്- 31.12.15-16.6.16 (ഒരു തവണ ദീർഘീകരണം ലഭിച്ചതായി കണക്കാക്കാവുന്നതിനാൽ ഗ്രേസ്സ്പിരീഡിന് അർഹതയില്ല)

1.1.16 -31.3.16-പി.എ.സി.യുടെ1% - 799734/-*1%=7997

1.4.16 – 16.6.16-(77ദിവസത്തിന് ) @2%-799734*2%*77/90=13684/-

ആകെ പിഴ-21681/-

ഈടാക്കിയത്- ഇല്ല.

ബാക്കി ഈടാക്കേണ്ടത്-21681 /-

6. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 6ഇനം എക്സ്ട്രാ ഐറ്റംസ് ഉൾപ്പടുത്തിയിട്ടുണ്ടെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

മേൽപ്പറഞ്ഞവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ്അന്വേഷണത്തിന് (നം.22/25.9.17) ലഭിച്ച മറുപടിയിൽ പഴയ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ JCB ഉപയോഗിച്ച് നീക്കം ചെയ്തു എന്നും ഇത് എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാൽ അളവു പുസ്തകത്തിൽ ചേർത്തിട്ടില്ല എന്നുമാണ്.കൂടാതെ കെട്ടിടത്തിൽ നിലവിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എങ്കിലും അങ്കണവാടി പ്രവർത്തിക്കുന്നുണ്ട് എന്നും എ.ഇ.അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2 പൊളിച്ചുമാറ്റുന്ന സാധനസാമഗ്രികളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യം കണക്കാക്കി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

3 എസ്റ്റിമേറ്റിൽ extra items ഉൾപ്പെടുത്തുമ്പോൾ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

# 3-26 ഇ-ടെണ്ടർ നടത്തിയതിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുള്ളതായി ടെണ്ടർ ഫയൽ, ടെണ്ടർരജിസ്റ്റർ എന്നിവ പ്രകാരം കാണുന്നു.ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻ വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ തീയതി | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെ തുക ആകെ ടെണ്ടർ ഫീസ് (VAT ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് സ്ഥലത്തെ കുടിവെള്ളപദ്ധതി | 880000 | 13.7.16 | 2 | (1800+90)*2= 3780 |
| 2 | പഞ്ചായത്ത് സ്ഥലത്തെ ഡ്രസ്സിംഗ് റൂം കൺസ്ട്രക്ഷൻ | 1500000 | 13.7.16 | 3 | (2500+125)*3 =7875 |
| 3 | പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് മെയിന്റനൻസ് | 890000 | 13.7.16 | 2 | (1800+90)*2= 3780 |
| 4. | ഗ്യാസ് ശ്മശാനം കോൺക്രീറ്റ് വാട്ടർടാങ്ക് | 600000 | 13.7.16 | 2 | (1200+60)*2= 2520 |
| 5. | പഞ്ചായത്ത് ശ്മശാനം | 1000000 | 13.7.16 | 3 | (2000+100)*3 =6300 |

| | | | | | |
|---|---|---|---|---|---|
| | തറയോട് വിരിക്കൽ | | | | |
| 6. | കഞ്ചിക്കോട് PHC മെയിന്റനൻസ് | 800000 | 13.7.16 | 2 | (1600+80)*2= 3360 |
| | ആകെ | | | | 27615 |

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ (നം. 19/23-9-2017) ത്തിന് ലഭിച്ച മറുപടിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽനിന്നും ടെണ്ടർ ഫോറം ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിനും വിൽപ്പന നികുതി തുക വിൽപ്പന നികുതി വകുപ്പിനും ലഭ്യമാക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-27 പൊളിച്ചുമാറ്റിയ സാധനസാമഗ്രികൾ പഞ്ചായത്തിന് കൈമാറി ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല

കഞ്ചിക്കോട് PHC അറ്റകുറ്റപ്പണിയുടെ ഭാഗമായി അളവുപുസ്തകത്തിലെ 1മുതൽ 4 വരെയുള്ള ഇനങ്ങൾ പൊളിച്ചുമാറ്റിയ സാധനസാമഗ്രികൾ അസിസ്റ്റന്റ് എഞ്ചിനിയർ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി വാല്യേഷൻ റിപ്പോർട്ട് സഹിതം പഞ്ചായത്തിന് കൈമാറിയിട്ടില്ല. ഈ പ്രവൃത്തിയുടെ അളവുപുസ്തകത്തിൽ " materials stacked behind the PHC and that will be handed over to the Secretary for auction" എന്ന ചേർത്തിട്ടുണ്ടെങ്കിലും ഇവ കൈമാറിയിട്ടില്ല,. കൂടാതെ പഞ്ചായത്തിൽ ഇവ ലഭ്യമായതായി സ്റ്റോക്കിലെടുത്തിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം.-233/16

അടങ്കൽ-800000/-(ലോകബാങ്ക്-500000,MG (NR)-300000)

അളവുപുസ്തകം-37/2016-17

ബിൽ നം. 42&43/16-17/31.3.17

| ഇനം | പൊളിച്ചുമാറ്റിയ ഇനം | അളവ് |
|---|---|---|
| 1. | Dismantling AC sheet roof | 152.16 ച.മീ |
| 2. | Dimolishing brick work in cement mortar | 12.69cum. |
| 3. | Dimolishing stone rubble masonry in cement mortar | 4.34cum |
| 4. | Dimolishing RCC work | 2.87cum |

മേൽ സൂചിപ്പിച്ച പ്രകാരം PHC കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പൊളിച്ച നീക്കിയ സാധനസാമഗ്രികളുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി എ.ഇ.വാല്യേഷൻ സഹിതം പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതും സെക്രട്ടറി ആയവ സ്റ്റോക്കിലെടുത്ത് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച അസിസ്റ്റന്റ് എഞ്ചിനീയർക്ക നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.19//23.9.2017) ലഭ്യമായ മറുപടിയിൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കി ലേലം വിളിക്കുന്നതിന വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

# 3-28 കളപ്പാറ കുടിവെള്ള പദ്ധതി എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനം ചെയ്തത് ക്രമപ്രകാരമല്ല

പ്രൊജക്റ്റ് നം.-231/17

അടങ്കൽ-200000/-

അളവുപുസ്തകം-82/16

ബിൽ നം. 26/16-17/30.3.17-1998006-ാം വാർഡിലെ കളപ്പാറ പ്രദേശത്തെ നിലവിലുള്ള കുഴൽ കിണറിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ പുതിയ കുഴൽകിണർ കുഴിക്കുന്നതിനും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുമാണ് (7ഇനങ്ങൾ) എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ട് അനുസരിച്ച് 5HPമോട്ടോർ, പമ്പ് ഹൗസ്, KSEB കണക്ഷൻ എന്നിവ നിലവിലുള്ളതാണ്. എന്നാൽ പ്രവത്തിയുടെ വർക്ക് ബിൽ,അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ ഇനം 8 ആയി KSEB Charges -2000, ECSC Receipt no.1000868 Dtd.20.3.17 -9000 എന്നീ ഇനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് തുക കണക്കാക്കിയിരിക്കുന്നത് എന്നു കാണുന്നു . എന്നാൽ ഈയിനത്തിന്റെ ആവശ്യകത വ്യക്തമാക്കുകയോ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനം ഉൾപ്പെടുത്തുന്നതിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിലവിൽ വൈദ്യുതി കണക്ഷൻ ഉള്ളതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും അനുമതിയില്ലാതെ ഇതേയിനത്തിന് ചെലവാക്കുകയും ചെയ്ത 11000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ വിഷയം സംബന്ധിച്ച അസിസ്റ്റന്റ് എഞ്ചിനീയർക്ക നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.19//23.9.2017) ലഭ്യമായ മറുപടിയിൽ ഭരണാനുമതി തുകയിൽ നിജപ്പെടുത്തിയാണ് തുക ചെലവഴിച്ചത് എന്നത് പുതിയ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ സ്വീകാര്യമല്ല.

# 3-29 ആറ്റുപതി റോഡ് മെറ്റലിംഗ് പ്രവൃത്തി- റോഡിന്റെ സംരക്ഷണം ഉറപ്പുവരുത്തിയിട്ടില്ല

പ്രൊജക്റ്റ് നം.-230/16

അടങ്കൽ-499000

അളവുപുസ്തകം-323/16

ബിൽ നം.22/23.3.17- 349849/-

മേൽ പ്രവൃത്തി മെറ്റലിംഗിന് ഉറപ്പുകൂട്ടുന്നതിന് ക്വാറിമക്കുയോഗിച്ച് റോഡിന്റെ വശങ്ങൾ ഫില്ലുചെയ്യുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തുവെങ്കിലും പിന്നീട് ഉപേക്ഷിച്ചു. പാർട് ബിൽ നൽകിയിരുന്നുവെങ്കിലും കാറിമക്ക് വിപണിയിൽ കിട്ടാനില്ല എന്ന കാരണം കൊണ്ട് എക്സ്ട്രാ ഇനമായ കാറിമക്ക് ഫില്ലിംഗ് ഒഴിവാക്കി . കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പാർട്ബിൽ ഫൈനൽ ബില്ലായി കണക്കാക്കാൻ തീരുമാനിച്ചു. എന്നാൽ റോഡിന്റെ ഉറപ്പിനു വേണ്ടി മറ്റുപ്രവൃത്തികളൊന്നും ചെയ്യാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-30 പൊതുമരാമത്തു പ്രവൃത്തികൾ -പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ഫയലുകൾ.രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു..

| വകയിരുത്തിയത് | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 170 | 113012434 | 81 | 31219064 |

വകയിരുത്തിയ തുകയുടെ 27.62% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്ടുകളുടെ 47.64% ൽ മാത്രമേ ചെലവു നടന്നുള്ളൂ. തനതുഫണ്ടിൽനിന്നും 49 പ്രവൃത്തികൾക്കായി 37438590/-രൂപ വകയിരുത്തിയിരുന്നെങ്കിലും 37 പ്രവൃത്തികൾക്കായി 14807948/-രൂപ(39.55%) മാത്രമേ ചെലവഴിച്ചുള്ളൂ. പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-31 സ്പിൽ ഓവർ പ്രവൃത്തികൾ -

# അംഗീകാരം ,നിർവ്വഹണം കൂടുതൽ ശ്രദ്ധ പതിപ്പിക്കണം

ഓഡിറ്റ് വർഷം ആകെ 170പ്രവൃത്തികൾക്ക് തുക വകയിരുത്തിയതിൽ 53 പ്രവൃത്തികൾ 2015-16 വർഷത്തിൽ നിന്നും 2016-17 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നതാണ്. 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ഒരു സ്പിൽഓവർ പ്രൊജക്റ്റ് അത് സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 53 സ്പിൽ ഓവർ പ്രവൃത്തികളിൽ 18 എണ്ണം 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല.

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23.9.2017) ലഭ്യമായ മറുപടി പ്രകാരം അവയിൽ 16എണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കപ്പെട്ടു എന്നും ബാക്കിയുള്ളവയിൽ 3 എണ്ണമൊഴികെ യുള്ളവ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട് എന്നുമാണ്. ഉപേക്ഷിക്കപ്പെട്ട പ്രൊജക്റ്റുകളിൽ 3എണ്ണം സാങ്കേതികാനുമതി ലഭ്യമാകാത്തതിനാലും 2എണ്ണം മുൻപു തന്നെ MLA ഫണ്ട്,ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ചു നിർമ്മിച്ചു കഴിഞ്ഞതിനാലും 1സ്ഥലം ലഭ്യമാകാത്തതിനാലും രണ്ടെണ്ണം പദ്ധതി പ്രദേശത്തെ സ്ഥലത്തെ പ്രത്യേകത മൂലം പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്തതിനാലും മറ്റുള്ളവ ഡ്യൂപ്ലിക്കേഷൻ,ഫൈനൽ ബിൽ നൽകിക്കഴിഞ്ഞവ എന്നീകാരണങ്ങളാലുമാണ് ഉപേക്ഷിക്കപ്പെട്ടത്. ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം പ്രവൃത്തി ലോൺ ആയി കണ്ടെത്താമെന്ന്

പ്രതീക്ഷിച്ചിരുന്ന ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഉപേക്ഷിക്കപ്പെട്ടത്.

ഓഡിറ്റ് നിർദ്ദേശം

1. സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അവയുടെ പ്രയോജനം എത്രയും വേഗം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപായി ആയതിന്റെ സാധ്യത, ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

# 3-32 അങ്കണവാടി പോഷകാഹാര ലാബ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമായില്ല.

എെ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷത്തിൽ നടപ്പിലാക്കിയി പോഷകാഹാര പരിപാടിയിൽ പോഷകാഹാരത്തിനായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി

വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.10,1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്.അങ്കണവാടി പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് ഫയലുകളിൽ ലാബ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമായില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകളുടെ ചെലവ് വിവരം താഴെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 30986 | 69014 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് / സംയുക്തപ്രൊജക്ടുകൾക്കുള്ള പഞ്ചായത്ത് വിഹിതമായി തുക മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെയും പ്രവൃത്തി നടത്തിയതിന്റെയും വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥർ വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതികൾക്കായി പ്ലാൻ / തനത് ഫണ്ട് മുൻകൂറായി അനുവദിക്കുമ്പോൾ നിശ്ചിത സമയപരിധിക്കകം പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട് എന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും വിനിയോഗവിവരം ലഭ്യമാക്കി ചിലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

വിശദവിവരം താഴെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | നിർവഹണ ഉദ്യോഗ സ്ഥൻ |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | ലൈൻ എക്സ്റ്റൻഷൻ ( 249 /17) | 23/24.3.17<br>22/24.3.17 | 718725<br>1062115 | സെക്രട്ടറി |
| ജല അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (10/17) | 14/17.1.17<br>33/29.3.17<br>vr. 21601746/ 31.3.17(own fund) | 100000<br>904000<br>1874625 | സെക്രട്ടറി |
| “ | പഞ്ചായത്ത് കോളനിയിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (307/17) | 32/29.3.17 | 625000 | സെക്രട്ടറി |
| വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ (249/17) | ചെക്ക് നമ്പർ 16/7.3.17 | 170246 | സെക്രട്ടറി |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

# 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30000000 |
| തൻവർഷം നിക്ഷേപിച്ച തുക | 10000266 |
| ആകെ | 40000266 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 22500000 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപം | 17500266 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കനറാ ബാങ്ക്, കഞ്ചിക്കോട്/ | 5000000 |
| പഞ്ചാബ് നാഷണൽ ബാങ്ക്, കഞ്ചിക്കോട്/ | 2500266 |
| ഇന്ത്യൻ ഓവർസീസ് ബാങ്ക്, കഞ്ചിക്കോട് | 5000000 |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക്,കഞ്ചിക്കോട്/ | 5000000 |
| | 17500266 |

പലിശയിനത്തിൽ ₹1482833 വരവുണ്ട്.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 182658 /- രൂപ ഈടാക്കിയിട്ടുണ്ട്.ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012- 13-14 | 2(12) | 300 | ശ്രീ.ജോസ്. | 11607102645/ 12.7.16 |
| | 2(9) | 2500 | SCB, puthussery | 11607103870/ 29.8.16 |
| | | 1250 | IOB kanjikode | 11607400040/ 31.8.16 |
| | | 2500 | KSCB palakkad | 11607500165/ 2.11.17 |
| | | 1250 | “ | 11607500164/ 2.11.16 |

| | | | | |
|---|---|---|---|---|
| | 2(12) | 750 | ചന്ദ്രൻ | 11607105763/ 21.11.16 |
| | 2(3) | 41560 | എസ്.ഇ.പി,ആർ റിഫ്രാക്ടറീസ് | 11607500025/ 13.7.16 |
| | | 3000 | “ | 11607500026/ 13.7.16 |
| | | 3245 | ഇൻഡ്യൻ പ്രൊഡക്ട്സ് | 11607500035/ 28.7.16 |
| | | 2000 | മൈക്രോ ടെക്നോളജി | 11607105679/ 31.10.16 |
| 2014-15 | 2(3) | 500 | ക്രസന്റ് പോളിമേർസ് | 11607105835/ 5.11.16 |
| | “ | 41560 | എസ്.ഇ.പി,ആർ റിഫ്രാക്ടറീസ് | 11607500166/ 8.11.16 |
| 2012- 13-14 | 3(4) | 17180 | ജഗദീഷ് കുമാർ മാഗ്ന വിഷൻ | 11607105571/ 26.10.16 |
| | 3(15) | 25766 | രാജമാണിക്കൻ P.W.D.contractor | 11607105681/ 31.10.16 |
| | “ | 8585 | “ | 11607104909/ 1.10.16 |
| | 3(25) | 23418 | Structures india | 11607400073/ 4.11.16 |
| 2014-15 | 3(6) | 4294 | ശങ്കുണ്ണി | 11607105826/ 5.11.16 |
| 2015-16 | 3(1)(9) | 3000 | നടുത്തറ അങ്കണവാടി മെയിന്റനൻസ് | 1160710319/ 10.3.17 |
| | | 182658 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 207501820 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 123192859 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 4907 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 78974 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3094839 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യേണ്ട തുക | സർചാർജ് ചെയ്യേണ്ടതുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 2907 | | ബാലചന്ദ്രൻ,സെക്രട്ടറി-2413<br>ഭാസ്കരൻ, സെക്രട്ടറി-494 |
| 2-3 | 2000 | | |
| 3-23 | | 27400<br>12604 | ശ്രീ.സജീവൻ.കെ.സി. അസി.എഞ്ചിനീയർ<br>നിർമ്മല.കെ അസി.എഞ്ചിനീയർ |
| 3-24 | | 17289 | ശ്രീ.സജീവൻ.കെ.സി അസി.എഞ്ചിനീയർ |
| 3-25 | | 21681 | ശ്രീ.സജീവൻ.കെ.സി. അസി.എഞ്ചിനീയർ |
| ആകെ | 4907 | 78974 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 280000 | ശ്രീ.രാജ് കുമാർ.എസ്, അസി.സെക്രട്ടറി |
| 3-2 | 361309 | " |
| 3-3 | 300000 | " |
| 3-4 | 470000 | ശ്രീ.ശിവകുമാർ.ബി, അസി.സെക്രട്ടറി |
| 3-7 | 2,00,000 | ശ്രീമതി.സലീന ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-8 | 25000 | ശ്രീമതി.സലീന |

| | | |
|---|---|---|
| | | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-10 | 248380 | ശ്രീ.ബാലചന്ദ്രൻ , സെക്രട്ടറി |
| 3-16 | 10000 | ശ്രീ.ബാലചന്ദ്രൻ , സെക്രട്ടറി |
| 3-17 | 230000 | ശ്രീ.ബാലചന്ദ്രൻ , സെക്രട്ടറി |
| 3-18 | 335900 | ശ്രീ.ബാലചന്ദ്രൻ,സെക്രട്ടറി |
| | 33250 | ശ്രീ. വി.ഭാസ്കരൻ, സെക്രട്ടറി |
| | 140000 | ശ്രീ. രാജ് കുമാർ, സെക്രട്ടറി |
| 3-20 | 450000 | ശ്രീ.രാജ്കുമാർ.എസ്, അസി.സെക്രട്ടറി |
| 3-28 | 11000 | ശ്രീ സജീവൻ. കെ.സി. അസി.എഞ്ചിനീയർ |
| ആകെ | 3094839 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജീവൻ.കെ.സി. എ.ഇ | എ.ഇ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | ശ്രീ 58, വിശ്വേശര നഗർ വെസ്റ്റ് യാക്കര പാലക്കാട്. |
| ശ്രീമതി നിർമ്മല.കെ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ. കൊടുമ്പ് ഗ്രാമ പഞ്ചായത്ത്. | ഹരിത ഗാർഡൻസ്, സദ്ഗുരു യോഗാശ്രമത്തിന് എതിർവശം, വിളയോടി പി ഒ, പാലക്കാട് 678103 |
| ശ്രീ. വി.ഭാസ്കരൻ, സെക്രട്ടറി | സെക്രട്ടറി, തെങ്കര ഗ്രാമപഞ്ചായത്ത് | മണിമന്ദിരം, വണ്ണാൻതറമേട്, |

| | | |
|---|---|---|
| | | കോട്ടത്തറി പിഓ, അഗളി. |
| ശ്രീ ബാലചന്ദ്രൻ എം. സെക്രട്ടറി | സെക്രട്ടറി, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | സുരഭി, വടക്കേത്തറ, കൊട്ടേക്കാട്, പാലക്കാട്. |

# 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി.14/386/10/ 4.11.11 | ഓഡിറ്റ് റിപ്പോർട്ട് |
| 1996-97 | എൽ.എഫ്.പി.7/59/02/19.3.2002 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി.7/76/02/19.3.2002. | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.പി.14/997/06/10.10.06 | സർചാർജ്ജ് നടപടികൾ |
| 1999-00 | എൽ.എഫ്.പി.14/645/07/9.1.2008 | സർചാർജ്ജ് നടപടികൾ |
| 2000-01 | എൽ.എഫ്.പി.14/1516/08/19.3.09 | ഫർദർറിമാർക്സ് |
| 2001-02 | എൽ.എഫ്.പി.14/1552/07/ 10.06.08 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി.14/468/09/8.1.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി.14/469/06/3.2.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.പി.14/470/09/5.3.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.പി.14/1994/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.പി.14/335/10/25.1.11 | ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.പി.14/2019/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.14/1732/12/10.9.12 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10, 2010-11 | എൽ.എഫ്.പി.14/1486/13/19.3.14 | ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.പി.14/1965/14/7.5.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | നം.കെ.എസ്.എ.പി.കെ.ഡി14-1622/2015/15-2-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി.14/1448/16/ 10.08.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.14/ /16/ | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ കാര്യാലയം, പാലക്കാട്.

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി. പി 14-1898/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തിയതി 08.11.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

4. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

5. വാർഷിക ധനകാര്യപത്രികയിലെ MNREGS തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD 14-1898/2017

Kerala State Audit Department,

District Audit Office,Palakkad.

Date 08.11.2017.

Audit Certificate

Certified that I have audited the Annual Financial Statement of pudusseri Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pudusseri Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director.

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

3. Abstract of profession tax not prepared

4.Even though the Budget is prepared on Function, Functionary basis, it is not linked with

Sankhya.

5.Amounts shown in AFS not in agreement with MNREGS register.

Deputy Director.